# THE ORDER OF THE SACRAMENT OF HOLY BAPTISM

# മാമൂദീസാ

*(തല തൊടുന്നയാൾ - പുരുഷനു പുരുഷൻ. സ്ത്രീക്കു സ്ത്രീ - കുട്ടിയെ മുഖം തെക്കോട്ടാക്കി ഇടതുകയ്യിൽ തലഭാഗം താങ്ങി എടുത്തുകൊണ്ട് കിഴക്കോട്ടു തിരിഞ്ഞു നിൽക്കുന്നു.)*

**പട്ടക്കാരൻ** - പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

**ജനം** - ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

## പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവേ! അഗ്നിയാലും ആത്മാവാലും ജ്ഞാന സ്നാനം നൽകുവാൻവേണ്ടി നിന്റെ വിശുദ്ധ ശ്ലീഹന്മാരെ നീ വിശ്വാസപൂർവ്വം ഭരമേൽപ്പിച്ച ആത്മീയ പൗരോഹിത്യ ശുശ്രൂഷയ്ക്കു ഞങ്ങളെ യോഗ്യരാക്കണമേ. കർത്താവേ! ഇപ്പോൾ സ്നാനത്തിനും വീണ്ടും ജനനത്തിനുമായി അടുത്തു വരുന്ന ഈ പൈതലിന്റെ ആത്മാവിന് പാപികളായ ഞങ്ങളുടെ മാദ്ധ്യസ്ഥം മൂലം രക്ഷ ലഭിക്കുകയും ഇവൻ (ഇവൾ)* അനുഗ്രഹങ്ങളും കരുണയും പ്രാപിക്കുകയും ചെയ്യുവാൻ സംഗതിയാക്കണമേ. ഹോശെ......

## കുക്കിലിയോൻ 2-ാം നിറം

*(പുരുഷന്മാർക്ക്)*

ആൺ പൈതങ്ങളെ നാഥനു നൽകിൻ - ഹാലേ-
സ്തുതിയൊടുമാനം നാഥനു നൽകിൻ
ബഹുമാനിപ്പിൻ തിരുനാമത്തെ - ഹാലേ -
വിമലാലയമതിലുടയോനെ വന്ദിപ്പിൻ.

---

* പുരുഷനും സ്ത്രീയ്ക്കും മാറിമാറി ചൊല്ലണം

# BAPTISM

*(The godparent should be male for male and female forfemale. Supporting the baby's head and directing the head to the South, they are to stand facing the east)*

PRIEST: Glory be to the Father, and to the Son and to the Holy Spirit.

PEOPLE: May His mercy and compassion be upon us, weak and sinful, in both worlds forever and ever. Amin.

## - INTRODUCTORY PRAYER -

PRIEST: Make us worthy, O Lord God, of that spiritual priestly service which Youentrusted to Your Holy Apostles to baptize with fire and Spirit. Now also, O Lord, grant that through the mediation of us sinners, salvation be bestowed upon the soul of Your servant who approaches You for washing and rebirth; that he/she may findmercy and compassion, now and always, forever and ever.
Amin

### Quqilion (Tone 2)

(For Males)

Bring your male off 'rings unto the Lord - Halleluyah
Unto the Lord bring honour and glory

Bring honor to the name of the Lord - Halleuyah
Worship the Lord in His Holy Court

## മാമൂദീസാ

നാഥൻ തൻനാദം നീരിന്മീതേ - ഹാലേ -
മേഘദ്ധ്വനി മഹിതൻ ദൈവമുയർത്തി.
വാരിധി മീതെ നാഥനുടെ - ഹാലേ-
നാദമുയർന്നതിഗംഭീരം.

## (സ്ത്രീകൾക്ക്)

നിന്നു മഹിമയൊടാരാജകുമാരി - ഹാലേ -
വലതുവശത്തായ് രാജേശ്വരിയും
ഓഫിർതങ്കത്തുകിലങ്കിയണിഞ്ഞോളേ! - ഹാലേ -
കേൾക്കുക നോക്കുക ചെവിചായിക്ക.
സുഭഗത നരപതി കാംക്ഷിപ്പാൻ - ഹാലേ -
സ്വജനഗൃഹങ്ങളെ നീ വിടുക.
പ്രാണപ്രിയനെ പ്രണമിക്ക - ഹാലേ -
സൂരിൻ മകളെ പ്രണമിക്ക.

ബാറെക്മോർ - ശുബഹൊ...

സ്നാനാർത്ഥിക്കരികെ നിന്നോതുന്നാത്മാവിൽ ദാവീദേഹം - ദാഹിപ്പോരേ! നാഥാന്തികമാർന്നു ബലപ്പെടുവിൻ - നിപതിച്ചോരു നിർദ്ധനൻ ആദം നെടുവീർപ്പോടവനെ വിളിച്ചാൻ - നദിയോർദ്ദാനിൽ കർത്താവവനുത്തരമരുളി - മുന്നം ജർജ്ജ്ജരനായോനെ നൂത - നനാ - ക്കി.

മെനെഓലം....

വാതിൽപ്പടിമേൽ പൂശിയ രക്തം ഇസ്രായേലിനെ രക്ഷിച്ചതുപോൽ - ദൈവികവും ജീവനെഴുന്നതുമാം വീണ്ടും സ്നാനത്തിൻ കൃപയാൽ - ശരണം തേടും വിശ്വാസികളാം

The voice of the Lord is upon the
waters - HalleluyahThe God of glory
thunders

The Lord is upon the great waters—Halleluyah
The Voice of the Lord is glorious and pow`erful. Barekmor.

**Quqilion (Tone 2)**

(For Females)

The King's daughter stood in glory —Halleluyah
And the Queen at Your right hand.

You who are adorned in the gold of Ophir—Halleluyah
Listen, my daughter, see and heed these words:

Leave your people and your father's house. —Halleluyah
For the King will des`i`re your beauty

Worship Him for He is your Lord – Halleluyah
And the daughter of Tyre will worship

Him. Barekmor.

PRIEST: Glory be to the Father, Son, and Holy Spirit

1. David stands here in spirit by those who are to be baptized Let us hear him say"All you who thirst come to the Lord Be strengthened and be clothed in might!" After Adam fell he cried out to God with a sigh God answered Adam and came to the rushing waters of JordanAnd renewed him who had fallen into co-rrup-tion.

## മാമൂദീസാ

നമ്മൾക്കെല്ലാം - കൃപയുടെ റൂശ്മാ സംരക്ഷകനായ്ത്തീരട്ടെ - ഈ നിത്യപ്രഭ മൂലം നാം ത്രിത്വത്തെ ദർശി-ക്കു-ന്നു.

മൊറിയൊ......

## (അല്ലെങ്കിൽ)

ദാവീദ് മാമോദീസകൈക്കൊള്ളുന്നവന്റെ അടുക്കൽ, ആത്മാവിൽ നിന്നുകൊണ്ട് ഇപ്രകാരം പറയുന്നു. ദാഹിക്കുന്ന സർവരുമേ, ദൈവമായ കർത്താവിങ്കലേക്ക് അടുത്തുവരിക; ശക്തി ധരിക്കുക. വീണുപോയ അരിഷ്ടനായ ആദം ദുഃഖിത നായി അവനെ വിളിച്ചപേക്ഷിച്ചു. ദൈവമായ കർത്താവ് അവ നോട് ഉത്തരമരുളുകയും ചെയ്തു. അവൻ യോർദ്ദാൻ നദി യുടെ ഒഴുക്കിലേക്കു വന്നപ്പോൾ മുമ്പ് നാശത്തിൽ വീണവ നായ ആദമിനെ താൻ പുതിയവനാക്കിത്തീർത്തു.

ബാറെക്മോർ

ശുബഹോ...മെനഓലം....

കൃപയുടെ മുദ്ര വിശ്വാസികളായ ഞങ്ങൾക്ക് കാവൽ ആയിരിക്കണമേ. കട്ടിളപ്പടിമേൽ തളിക്കപ്പെട്ട രക്തത്താൽ സംഹാരകനിൽ നിന്ന് എബ്രായക്കാർ രക്ഷിക്കപ്പെട്ടതുപോലെ ജീവനുള്ളതും ദൈവികവുമായ പുനർസ്നാനത്തിന്റെ കൃപ യാൽ ഇതിൽ അഭയം പ്രാപിക്കുന്നവരായ ഞങ്ങൾക്കും രക്ഷ യുണ്ടാകണമേ. എന്തുകൊണ്ടെന്നാൽ മങ്ങിപ്പോകാത്ത വെളി ച്ചമാകുന്ന ഇതുമൂലം ത്രിത്വത്തെ ഞങ്ങൾ കാണുന്നു.

PEOPLE: Unto the ages of ages and forevermore.

2. May the seal of grace be a protection for us who believe. Just as the Hebrews were saved by sprinkling blood on their doorposts

May the grace of this divine washing which gives new life Save us who take refuge in this baptism So that by the eternal light we may see the Tri-ni- tyLord have mercy upon us and help us!
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-
-

# പ്രാർത്ഥന

മേലുള്ള സൈന്യങ്ങളുടെ ദൈവമായ കർത്താവേ! ദിവ്യോപദേശം സ്വീകരിക്കുന്ന ഈ പൈതലിനെ അനുഗ്രഹിക്കുകയും ഈ ലോകവ്യർത്ഥതയെ ഗ്രഹിക്കത്തക്കവണ്ണം (ഇവന്റെ) മനോനയനങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യണമേ. മരണകരമായ സകല പ്രവൃത്തികളും വെടിഞ്ഞുകൊണ്ട് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും ഇവൻ സ്തുതിക്കുകയും ചെയ്യുമാറാകണമേ. ഹോശോ.

## (യൂഹാനോൻസോവോ)

കർത്താവെന്നെ മേയിക്കും. എനിക്കു ഞെരുക്കമുണ്ടാകയില്ല. അവൻ പുഷ്ടിയുള്ള മേച്ചിലിൽ എന്നെ പാർപ്പിക്കും.

യൂ-ഗാ-നോൻ ഞെട്ടി, യോ-ർദ്ദാൻ ഭ്രമമാർന്നു. ശ്രോ-<br>
പ്പേ-ന്മാർപാടി; മാമൂദീസായ്ക്കാഗതനാം<br>
ദൈവം-ശുദ്ധൻ ശുദ്ധൻ പരിശുദ്ധൻ.

ശാന്തജലത്തിന്റെ അരികിലേക്ക് അവനെന്നെ നയിക്കും. എന്റെ ആത്മാവിനെ തിരിച്ച് നീതിയുടെ ഊനുവഴികളിൽ എന്നെ നടത്തും.<br>
നീ-ര-ത്തെവാഴ്ത്തീട്ടാ-ദാ-മ്യർക്കായി<br>
നീ-രാത്മസ്നാനാൽ, പുനരാം ജന്മം നൽകിടുവാൻ<br>
ശ്രോപ്പേന്മാർക്കു വിശുദ്ധി കൊടുപ്പോൻ<br>
സ്നാനത്തി-ന്നെ-ത്തി<br>
ബാറെക്മോർ-ശുബഹൊ-മെനഗാലം...

\- PRAYER -

PRIEST: O Lord of the heavenly hosts, bless this Your servant who is being instructed and enlighten the eyes of his/her mind that he/she may realize the vanity of this world, so that by casting off all works which bring death, he/she may offer up glory and honor to You, now and always, forever and ever.

PEOPLE: Amin.

\- QANON -

READER: The Lord is my shepherd. I shall not want. He makes me to lie down in green pastures. (Ps. 23:1-2a)

John was shaken and - the Jordan trembled The - Se-raphim cried, - "Holy, Holy, Holy isGod who came to be baptized

READER: He leads me besides still waters. He restores my soul. He leads me inright paths for His Name's sake. (Ps. 23:2b-3)

He Who sanctifies - all the Seraphim
Came - to - be baptized - to sanctify the waters
That (Adam's children) (we) might be born again. Barekmor.

PRIEST: Glory be to the Father, Son, and Holy Spirit

PEOPLE: Unto the ages ofages and forevermore.

## മാമൂദീസാ

പാ-പ-ത്താൽ ഹതരാം; ആ-ദാ-മിൻ സുതരെ
നീ-രാ-ത്മ സ്നാനത്താൽ; ദൈവികശക്ത്യാ
പുതു താക്കീടും താതനുമേകസുതന്നും
റൂഹായ്ക്കും - സ്തോ - ത്രം

സ്തൗമെൻകാ...

# പ്രുമിയോൻ

മഹനീയമായ തന്റെ ദിവ്യജ്ഞാനത്താൽ തന്റെ ആത്മീയ ആട്ടിൻകൂട്ടത്തിനായി മാമൂദീസാ എന്ന കൂദാശ ഏർപ്പെടുത്തി അതിനെ ശുദ്ധീകരിച്ച അവർണ്ണനീയ സത്യപ്രകാശമായ കർത്താവിനു സ്തുതി. തനിക്ക് ഈ നേരത്തിലും....

# സെദറാ

പാപചിന്തകളിൽ നിന്നു ഞങ്ങളെ പിൻതിരിപ്പിക്കുകയും തന്റെ വിശുദ്ധ കൽപ്പനകളുടെ ആചരണത്തിനായി ഞങ്ങളെ ക്ഷണിക്കുകയും തന്റെ ആത്മീയമായ തൊഴുത്തിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കുകയും രക്ഷാജലപ്രവാഹങ്ങളിലേക്കും ജീവന്റെ ഉറവിങ്കലേക്കും ഞങ്ങളെ ആകർഷിച്ചുകൊണ്ട്, നിങ്ങൾ കുളിച്ച് വെടിപ്പുള്ളവരായിത്തീരുവിൻ, ഹൃദയങ്ങളിൽ നിന്ന് ദുഷ്ടതകൾ കഴുകിക്കളയുവിൻ, എന്നു ജീവകരമായ ശബ്ദത്തിൽ അരുളിച്ചെയ്യുകയും ചെയ്തവനായ ഞങ്ങളുടെ ദൈവമായ മിശിഹാ! ഈ (ദാസനെ) - തന്റെ കാവലിനു വേണ്ടി ജീവമുദ്ര പ്രാപിക്കുവാൻ അടുത്തുവന്നിരിക്കുന്ന (ഇവനെ) അനുഗ്രഹിക്കണമേ + നിന്റെ ആട്ടിൻകൂട്ടത്തിൽ (ഇവനെ)യും ഉൾപ്പെടുത്തണമേ. തിരുമുഖശോഭ ഇവനിൽ പ്രതിബിംബിപ്പിക്കണമേ. (ഇവനെ) നിന്റെ

Praise the Father, Son - and Holy Spirit
Who - by - divine pow'r - renews those grown old by sinThrough water and the Spirit
Stoumen Kalos, Kurielaison

## - PROMION -

PRIEST: Let us all pray and beseech the Lord for mercy and compassion.PEOPLE: O merciful Lord, / have mercy upon us / and help us.

PRIEST: Make us worthy, O Lord God, to offer unto You praise and thanksgiving, glory and unceasing exaltation, continually and at all times and all seasons. Glory to Christ, the True and Ineffable Light, Who by His glorious wisdom set apart and purified the mystery of baptism for His spiritual flock. To Him belongs glory, honor, and thanksgiving at this time of the baptism of His servant, and at all times, feasts, seasons, hours, and all the days of our lives, forever and ever.

PEOPLE: Amin.

## - SEDRO -

PRIEST: O Christ our God, You have gathered us together, we who had gone astray in sin, and invited us to observe Your holy commandments. You have introduced us to Your spiritual flock, and by the life- giving voice proclaimed and said: "Wash yourselves and be pure. Wash away the iniquities from your hearts." [Isaiah 1:16] And You have fulfilled this by leading us to the floods of salvation and to the spring of life. At this time, O Lord, bless this servant who has approached You to receive the sign of life so that it may preserve him/her. Introduce him/her to Your flock and

ജനകനു (പുത്രൻ) ആക്കിത്തീർക്കണമേ. വീണ്ടും ജനനത്തിനു (ഇവനെ) യോഗ്യ(നാ)ക്കണമേ. പഴയ മനുഷ്യനെ (ഇവനിൽ) നിന്ന് ഉരിഞ്ഞുകളയണമേ. നാശരഹിതമായ വസ്ത്രം (ഇവനെ) ധരിപ്പിക്കണമേ. ആശ്വാസകരവും ശാന്തവുമായ ജീവിതത്താൽ നല്ല അവസാനത്തിനും ക്രിസ്തീയമായ അന്ത്യത്തിനും അർഹത ലഭിക്കത്തവണ്ണം നല്ല സംരക്ഷണയിലും പൂർണ്ണ വർച്ചയിലും (ഇവനെ) എത്തിക്കണമേ. ഞങ്ങളും (ഇവനും) നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമേ. ഹോശൊ.....

## നാത്തർ മോറാൻ

കാ-ക്കുക നാ-ഥാ! സ്ലീബായാൽ
ഉ-ണ്ണികളെ-സ്നാനാ-ർത്ഥികളേ.

ഈ-സ്നാന-ത്തേ മുൻ-നിർത്തി
മുൻ-ചൊന്നാൻ-സ്ക്കറിയാ-തനയൻ
നൽ-കുന്നേൻ-നീരിൽ-സ്നാനം
വന്നീ-ടു-ന്നോനാ-ത്മാ-വിൽ

നിന്നാൻ-വ-ന്നാറ്റിൻ-വക്കിൽ
യോ-ഹന്നാൻ-സ്ക്കറിയാ-തനയൻ
ആ-ഗതനായ് മാമൂ-ദീസാ
യ്ക്കീ-റേർക്കും-മറവാം-ശക്തി

സ്നാ-നത്തി-ന്നെത്തീ-നാഥൻ
സാ-ക്ഷിപ്പാൻ-യോഹ-ന്നാനും
വ-ത്സല ന-ന്ദനനാ-ണിവനെ-
ന്നാർ-ത്താൻ വാ-നത്തിൽ-താതൻ-മൊറിയൊ...

number him/her among Your sheep. Sign him/her with the light of Your countenance. Make him/her a son/daughter to Your Father and worthy of new life. Remove the old self from him/her and clothe him/her with the imperishable robe. Give him/ her full growth and stature, so that through a calm and quiet life he/she may be made worthy of a good and Christian end. We offer up glory and thanksgiving to You and to Your Father and to Your Holy Spirit, now and always, forever and ever.

PEOPLE: Amin

- QOLO -

1.By Your Cross, protect, O Lord,
Those who come for baptism

2.Of this baptism, John spoke:
"I baptize you with water
But the one who is to come Will
baptize with the Spirit"

3.The Pow`er which is hidden
Even from all the Watchers
Came to be baptized by John
Who stood at the riverbank

4.Our Lord came to be baptized
And John came to bear witness
From above the Father spoke:
"This is my belov`ed Son."

Lord have mercy upon us and help us!

## എത്രോ

കർത്താവേ! പരിശുദ്ധ മാമൂദീസായ്ക്കു ഒരുങ്ങി വന്നിരിക്കുന്ന ഈ നിന്റെ (ദാസനു)വേണ്ടി ഈ സുഗന്ധധൂപം നിന്റെ കരുണാബാഹുല്യത്തിങ്കൽ ഞങ്ങൾ സമർപ്പിക്കുന്നു. (ഇവൻ) ജീവങ്കലേക്കു നിന്നാൽ മുദ്ര കുത്തപ്പെടുകയും നിന്റെ ഭവനാവകാശത്തിന് എത്തിച്ചേരുകയും നിന്റെ വിശുദ്ധ കൽപ്പനകളെ പിൻതുടരുകയും ചെയ്യുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും....

## സുമ്മോറൊ

നീർത്തോടിന് മാനുഴലും പോ-ലെ
വാഞ്ഛിക്കുന്നെന്നാത്മം നിൻപേർക്കെൻ നാ-ഥാ!

## ശ്ലീഹാവായന

(റോമർ 5: 20 - 6:4)

ന്യായപ്രമാണത്തിന്റെ പ്രവേശനം പാപം വർദ്ധിപ്പാൻ കാരണമായിത്തീർന്നു. പാപം വർദ്ധിച്ചിടത്തുതന്നെ കൃപയും വർദ്ധിച്ചു. അതു മരണത്തിൽ പാപം വാണതുപോലെ തന്നെ - നമ്മുടെ കർത്താവായ യേശുമിശിഹാ - മൂലം നിത്യജീവങ്കലേക്കു-നീതിയിൽ കൃപയും വാഴുവാനായിട്ടായിരുന്നു. ആയതുകൊണ്ട് നാം എന്താണ് പറയേണ്ടത്? കൃപ വർദ്ധിപ്പാനായിട്ട് പാപത്തിൽ തന്നെ ഇരിക്കണമെന്നോ? ഒരിക്കലും പാടില്ല. എന്തുകൊണ്ടെന്നാൽ പാപത്തിന്റെ ദൃഷ്ടിയിൽ മൃതരായ നാം പിന്നെയും അതിൽ തന്നെ ജീവിക്കുന്നതെങ്ങിനെ? അല്ലെങ്കിൽ യേശുമിശിഹായിൽ മാമൂദീസാ മുങ്ങിയവരായ നാം അദ്ദേഹത്തിന്റെ മര

## - 'ETRO -

PRIEST: Unto the abundance of Your mercy, O Lord, we offer this fragrant incenseon behalf of this Your servant who has come to receive Holy Baptism. May You sign him/her unto everlasting life and may he/she become a member of Your household and adhere to Your holy commandments. And we will offer up glory and thanksgiving to You and to Your Father and to Your Holy Spirit, now and always, forever and forever.

PEOPLE: Amin.

## - ZUMORO -

As a deer longs for
flowing streamsSo my
soul longs for you,- O
-God.

## - PAULINE EPISTLE -

READER: The reading is from the epistle of St. Paul the Apostle, to the Romans, Barekmor.

PEOPLE: Glory be to the Lord of the Apostle / and may His mercy be upon us, forever.

[Romans 5:20-6:4]

READER: Ahai, Law came in, to increase the trespass; but where sin increased, grace abounded all the more, so that, as sin reigned in death, grace also might reignthrough righteousness to eternal life through Jesus Christ our Lord. What shall we say then? Are we to continue in sin that grace may abound? By no means! How can we who died to sin still live in it? Do you not know that all of us who have been baptized into Christ Jesus were baptized into his death? We were buried therefore

ണത്തിലാകുന്നു മാമൂദീസാ മുങ്ങിയതെന്ന് നിങ്ങൾ അറിയുന്നില്ലയോ? യേശുമിശിഹാ പിതാവിന്റെ പ്രഭാവത്തോടുകൂടി മരിച്ചവരുടെ ഇടയിൽ നിന്ന് പുനരുത്ഥാനം ചെയ്ത പ്രകാരം തന്നെ നാമും പുതിയ ജീവനിൽ സഞ്ചരിപ്പാനായിട്ട് മാമൂദീസാ രൂപമായ മരണത്താൽ അവിടത്തോടൊരുമിച്ച് - സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

## പെത്ഗോമൊ

പൂ-ശുക നിൻസോപ്പായാൽ ഞാൻ നിർമ്മലനാ-കാൻ-തൂ-മഞ്ഞിലുമണിയും ഞാൻ-വെണ്മ-ഹാലേ.....

## ഏവൻഗേലിയോൻ

(ലൂക്കോസ് 3:15-16. യോഹ. 3:5-6)

യോഹന്നാനെക്കുറിച്ച് ഇദ്ദേഹം മിശിഹായായിരിക്കുമോ എന്ന് സംശയിച്ച് ജനമെല്ലാം ഉള്ളിൽ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ യോഹന്നാൻ ഉത്തരമായിട്ട് അവരോട് പറഞ്ഞു; 'ഞാൻ ഇതാ നിങ്ങൾക്ക് വെള്ളംകൊണ്ട് മാമൂദീസാ നൽകുന്നു, എന്നാൽ എന്നെക്കാൾ ബലവാനായവൻ വരുന്നുണ്ട്. അദ്ദേഹത്തിന്റെ ചെരുപ്പുകളുടെ വാറുകളഴിപ്പാൻ പോലും ഞാൻ യോഗ്യനല്ല. അദ്ദേഹം പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും നിങ്ങൾക്ക് മാമൂദീസാ നൽകും. (യോഹന്നാൻ 3:5-6) ഒരുവൻ വെള്ളം കൊണ്ടും ആത്മാവു കൊണ്ടും വീണ്ടും ജനിക്കാതിരുന്നാൽ അവനു ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ കഴിയുകയില്ല എന്ന് സത്യമായും സത്യമായും നിന്നോട് പറയുന്നു.

with him by baptism into death, so that as Christ was raised from the dead by the glory of the Father, we too might walk in newness of life. Barekmor.

## ——————— GOSPEL ———————

### - PETHGOMO -

Halleluyah, Halleluyah
May the king rejoice in Your
strength, O Lord And greatly
rejoice in Your salvation.
Halleluyah

DEACON: Barekmor. With stillness, fear, and purity, let us attend and listen to thegood news of the living words of God, in the Holy Gospel of our Lord Jesus Christ,that is read to us.

PRIEST: † Peace be unto you all.

PEOPLE: May the Lord God make us worthy / with your spirit.

PRIEST: The Holy Gospel of our Lord Jesus Christ, the life-giving proclamation from St. Luke the Evangelist and St. John the Apostle, who proclaims the good news of life and salvation to the world.

PEOPLE: Blessed is He who has come / and is to come. Glory be to Him / whosent Him for our salvation, and His mercy be upon us all, forever.

PRIEST: Now at the time of the Incarnation of our Lord and God and Savior Jesus Christ, the Word of Life, God who was incarnate of the Holy Virgin Mary, these things did come to pass in this manner.

PEOPLE: We believe and confess.

### മാമൂദീസാ

ജഡത്തിൽ നിന്നു ജനിക്കുന്നതു ജഡവും ആത്മാവിൽ നിന്നു ജനിക്കുന്നതു ആത്മാവുമാകുന്നു.

## മാനീസൊ

പാടെയെൻ തിന്മകളെക്കഴുകുക നാഥാ-എൻപാപം നിർമ്മലമാക്കാൻ സോപ്പായേതും മതിയാകാ-നിഴലായ്പ്പോലും ശുദ്ധിവരുത്താൻ നിയമജലത്തിന്നെളുതല്ല-ദൈവികമ മാമോദീസായിൻ സേചനമതിനും - നിന്നുടെ നിരുപമകരുണയ്ക്കും-സാ-ദ്ധ്യം.

### അല്ലെങ്കിൽ

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകണമേ. ഞാൻ പ്രവർത്തിച്ചിട്ടുള്ള പാപത്തെ കഴുകിക്കളയുന്നതിനു സോപ്പായ്ക്കു ഗുണം മതിയായിരിക്കുന്നില്ല. ദൃഷ്ടാന്തരൂപേണയുള്ള ന്യായപ്രമാണ സംബന്ധമായ വെള്ളത്തിനും അതിനെ തുടച്ചു വെടിപ്പാക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ദൈവികമായ സ്നാനത്തിന്റെ തളിപ്പിനും പരിശോധനയ്ക്കും ബഹുലമായ അവന്റെ കൃപാധനത്തിനും മാത്രം അതു കഴിയുന്നതാകുന്നു.

**ശുശ്രൂഷക്കാരൻ** - കുറിയേ....

## രഹസ്യപ്രാർത്ഥന

പ്രകാശദാതാവും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നവനും അന്ധകാരത്തിൽ നിന്നു പ്രകാശം ഉദിക്കുവാൻ അരുളിച്ചെയ്യുകയും ഞങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്തവനും സൗഭാഗ്യകരമായ വെള്ളം മൂലം രക്ഷാകരമായ

[St. Luke 3:15-16]

PRIEST: As the people were in expectation, and all men questioned in their hearts concerning John, whether perhaps he were the Christ, John answered them all, “I baptize you with water; but he who is mightier than I is coming, the thong of whose sandals I am not worthy to untie; he will baptize you with the Holy Spirit and with fire.

[St. John 3:5-6]

PRIEST: Jesus answered, “Truly, truly, I say to you, unless one is born of water and the Spirit, he cannot enter the kingdom of God. That which is born of the flesh is flesh, and that which is born of the Spirit is spirit.

Peace be unto you all +

## - MANITO -

Wash me thoroughly from my iniquity [Ps. 51:2]What can wash away the sins I have com-mitted?The pow`er of hyssop cannot cleanse me

Neither can the waters of the law, a type of bap-tism.Only the sprinkling and crucible of the div-ine bath And the riches of its great mercy can wash my sins!

*(“Kurielaison” is chanted by the people until the priest completes the inaudibleprayer.)*

## - INAUDIBLE PRAYER -

PRIEST: Giver of light who enlightens souls and bodies, who said, “Let there be light shining forth out of darkness,” and it shined in our hearts; who gave salvific cleansing by the waters of blessing, divine sanctity by the holy anointing, and union with our Lord Jesus Christ by the

## മാമൂദീസാ

നിർമ്മലതയും വിശുദ്ധ തൈലാഭിഷേകം മൂലം ദൈവികമായ വിശുദ്ധിയും തിരുശരീരരക്തങ്ങളിലുള്ള സംബന്ധം മൂലം കർത്താവേശുമിശിഹായോടുള്ള ഐക്യവും നൽകിയവനും ആയ കരുണയുള്ള കർത്താവേ! വിശുദ്ധമായ ആഹ്വാനത്താൽ അന്ധകാരത്തിൽ നിന്നും മാർഗ്ഗഭ്രംശത്തിൽ നിന്നും നിന്റെ യഥാർത്ഥ ജ്ഞാനത്തിലേക്കു നീ ഇപ്പോൾ വിളിച്ചിരിക്കുന്ന ഈ (ദാസന്റെ) നാമം നിന്റെ ജീവഗ്രന്ഥത്തിൽ എഴുതണമേ. നിന്നെ ആരാധിക്കുന്നവരുടെ കൂട്ടത്തിൽ (ഇവനെയും) എണ്ണുകയും നിന്റെ മുഖശോഭ (ഇവനിൽ) പ്രതിബിംബിപ്പിക്കുകയും ചെയ്യ ണമേ. നിന്റെ മിശിഹായുടെ സ്ലീബാ (ഇവന്റെ) ഹൃദയത്തിലും മനസ്സിലും പതിക്കണമേ. ശത്രുവിന്റെ സകല ദുഷ്ടതയിൽ നിന്നും (ഇവനെ) രക്ഷിക്കണമേ. ഈ ലോകവ്യർത്ഥതയിൽ നിന്നും (ഇവൻ) ഓടി രക്ഷപ്പെട്ട് നിന്റെ വിശുദ്ധ കൽപ്പനക ളുടെ മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യുമാറാകണമേ.

## പ്രാർത്ഥന

നിന്റെ ഏകപുത്രൻ വിശുദ്ധ ശിഷ്യന്മാരിൽ ഊതിയതായ ദൈവികശ്വാസം കർത്താവേ! (ഇവനു) നൽക ണമേ*. വിശുദ്ധാത്മ സ്വീകരണത്തിനു (ഇവനെ) ഒരുക്കി ക്കൊണ്ടു വിഗ്രഹാരാധനയുടെ സകല അവശിഷ്ടത്തേയും (ഇവന്റെ) മനസ്സിൽ നിന്നു ദിരീകരിക്കണമേ. വീണ്ടും ജനന സ്നാനത്തിനു (ഇവനെ) യോഗ്യ(നാ)ക്കണമേ. ഞങ്ങളുടെ

---

***മാമൂദീസാ മുങ്ങുന്നയാളിന്റെ മുഖത്തു സ്ലീബാ ആകൃതിയിൽ പട്ടക്കാരൻ ഊതുന്ന.**

partaking of His Holy Body and Blood; who has now by the divine calling, called Your servant from darkness and deception to the knowledge of your truth, O Merciful Lord. Write his/her name in Your Book of Life.

*[Write the name in the baptismal register]*

PRIEST: Count him/her among those who fear You, and may the light of Your countenance be signed upon him/her. May the Cross of Christ be imprinted on his/her heart and mind, and deliver him/her from all the wickedness of the enemy, so that he/she may flee from the vanities of this world and walk in Your holy commandments.

- AUDIBLE PRAYER -

PRIEST: Grant him/her, O Lord, Your divine breath, which Your Only Begotten Son breathed upon His holy apostles.

*[The Priest breathes in the form of a Cross on the child 3x]*

✠ ✠ ✠

## മാമൂദീസാ

കർത്താവും ദൈവവും രക്ഷകനുമായ യേശുമിശിഹാ എന്ന നിന്റെ ഏകപുത്രൻ മുഖാന്തിരം പാപമോചനത്തിന് (ഇവനെ) അർഹ(നാ)ക്കണമേ. നിനക്കും നിന്റെ ഏകജാതനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും ആധിപത്യവും ഇപ്പോഴും എല്ലാ സമയത്തും എന്നേയ്ക്കും യോഗ്യമാകുന്നു.

ഹോശൊ......

*(പട്ടക്കാരൻ മാമൂദീസാ മുങ്ങുന്നയാളിന്റെ നേരെ തിരിഞ്ഞ് നെറ്റിയിൽ മൂന്നുപ്രാവശ്യം തൈലംകൂടാതെ മുദ്രകുത്തുന്നു)*

പിതാവിന്റെയും + പുത്രന്റെയും + ജീവനുള്ള വിശുദ്ധ റൂഹായുടെയും + നാമത്തിൽ .... നിത്യജീവനായി സ്നാനാർത്ഥി മുദ്രകുത്തപ്പെടുന്നു.... ബാറെക്ക്മോർ.

ܡܬܪܫܡ ܦܠܢ . ܒܫܡ ܐܒܐ ✱ ܘܒܪܐ ✱
ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ✱ ܠܚܝܐ ܕܠܥܠܡ
ܥܠܡܝܢ . ܐܡܝܢ .

**ശുശ്രൂഷക്കാരൻ** – കുറിയേ....

## രഹസ്യപ്രാർത്ഥന

സർവ്വാധിപതിയായ ദൈവമായ കർത്താവേ! സകല ദുരാത്മാക്കളുടെയും ബഹിഷ്ക്കരണത്തിനും പ്രതികൂലമായ

PRIEST: Remove from his/her mind the remnants of idolatry by preparing him/herto receive Your Holy Spirit, so that he/she may be made worthy of the baptism of new birth. Make him/her worthy of the remission of sins through Your Only Begotten Son, our Lord God and Savior Jesus Christ; with Him, and with Your Holy Spirit, glory and honor and power are due to You; now and always, forever and ever. Amin.

*[Without oil, the priest signs the candidate's forehead 3x with a cross saying:]*

PRIEST: [Name] is signed... In the name of the Father... and of the Son... and of theLiving and Holy Spirit, unto life everlasting.

PEOPLE: Amin.

*("Kurielaison" is chanted by the people until the priest completes the inaudible prayer.)*

## RITE OF ADJURATION

### INAUDIBLE PRAYER

PRIEST: I call upon You, Lord God Almighty, through Your Only Begotten Son, our Lord and God Jesus Christ, in order to expel all evil spirits and to banish all

സകല അദൃശ്യ വ്യാപാരങ്ങളുടെയും നിഷ്കാസനത്തിന്നും വേണ്ടി ഞങ്ങളുടെ കർത്താവും ദൈവവുമായ നിന്റെ ഏകപുത്രൻ യേശുമിശിഹാ മുഖാന്തിരം നിന്നെ ഞാൻ വിളിക്കുന്നു. നിന്നെ സമീപിക്കുന്ന ഈ ആത്മാവിനെ നിന്റെ വിശുദ്ധാത്മാവിന്റെ ആവാസംമൂലം വെടിപ്പോടും വിശുദ്ധിയോടും കൂടെ സ്വീകരിക്കണമേ. കർത്താവേ! നീ വെളിപ്പെട്ട് വ്യർത്ഥമായ അധരങ്ങളാലല്ല – നിന്റെ കൃപയാലും ദുഷ്ടനിൽനിന്നു ലോകത്തെ ഉദ്ധരിക്കുന്ന ശക്തിയാലും – സംസാരിക്കത്തക്കവണ്ണം തിരുനാമത്തിൽ ഞങ്ങൾ ഉച്ചരിക്കുന്ന വിശ്വാസ വചനത്തിനു ശക്തി നൽകണമേ.

*(പട്ടക്കാരൻ പടിഞ്ഞാറോട്ട് സ്നാനാർത്ഥിയുടെ നേരെയും കിഴക്കോട്ടും തിരിഞ്ഞു നിൽക്കുന്നു. പട്ടക്കാരൻ ശപഥം ചെയ്യിക്കുന്ന ഈ പ്രാർത്ഥന ചൊല്ലിക്കൊണ്ട് അവന്റെമേൽ റൂശ്മാചെയ്യുന്നു.)*

## പ്രാർത്ഥന

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവായ ദൈവമായ കർത്താവേ! ഈ നിന്റെ സൃഷ്ടിയുടെ മേൽ ഞങ്ങൾ കൈവയ്ക്കുകയും* നിന്റെ സൃഷ്ടിയും സ്വരൂപവും കൈപ്പണിയുമായ (ഇവനിൽ) നിന്ന് സകല പിശാചുക്കളും ദുഷ്ടരും അശുദ്ധരുമായ എല്ലാ ആത്മാക്കളും ഒഴിഞ്ഞുമാറിപ്പോകുവാൻവേണ്ടി സകലത്തിലും വിശുദ്ധമായ നിന്റെ നാമത്തിൽ അവയെ മുദ്രയിടുകയും ചെയ്തുകൊണ്ട് ഞങ്ങൾ നിന്നെ വിളിക്കുന്നു. കർത്താവേ! ഞങ്ങളെ ചെവിക്കൊണ്ട്

---

*** പട്ടക്കാരൻ കൈ വയ്ക്കുന്നു**

their oppositional and hidden works, so that this soul which approaches You may receive the indwelling of Your Holy Spirit with purity and sanctity. Reveal, OLord, and strengthen Your word of faith which we pronounce in Your name, so thatwe may speak, not with vain lips, but by Your grace and with the power which liberates the world from the evil one.

## - PRAYER OF ADJURATION -

*[The priest turns West facing the candidate and the candidate turns to the East. The priest crosses the candidate 9x and pronounces the Prayer of Adjuration]*

PRIEST: We call upon You, O Lord our God, Creator of all things visible and invisible, as we lay our hand upon this Your creation [the priest lays his hand on the head of the candidate] and sign in Your Name, which is most holy above all, sothat all demons and all evil and impure spirits may depart from Your creation and image, the work of Your hands. Hear us, O Lord; rebuke them severely and purify this Your servant from all the works of the enemy.

Now, listen, you perverse, impure, and rebellious one, who torments this creatureof God:

I command you ✠ by the glory of the Great King, depart with dread, O enemy of all justice and violator of the law, and be subject to the authority of the Almighty Lord,

അവയെ നിരോധിക്കുകയും എതിരാളിയുടെ സർവ്വവിധമായ വ്യാപാരങ്ങളിൽ നിന്നും ഈ നിന്റെ (ദാസനെ) രക്ഷിക്കുകയും ചെയ്യണമേ. ഈ ദൈവസൃഷ്ടിയെ അലട്ടുന്ന വഷളനും അശുദ്ധനും അഹങ്കാരിയുമായവനേ! നീ കേട്ടുകൊൾക + സകല നീതിക്കും ശത്രുവും നിയമലംഘകനുമായവനേ! വലിയവനായ രാജാവിന്റെ മഹിമയെക്കൊണ്ട് ഞാൻ നിന്നെ ശപഥം + ചെയ്യിക്കുന്നു. ഭയന്നു മാറിക്കൊൾക. സ്വകൽപ്പനയാൽ ഭൂമിയെ വെള്ളത്തിന്മേൽ സ്ഥാപിച്ചുറപ്പിക്കുകയും സമുദ്രത്തിനു മണൽ അതിർത്തിയായി നിശ്ചയിക്കുകയും ചെയ്ത ഭയങ്കരനായ കർത്താവിനു കീഴ്പ്പെടുകയും ചെയ്ക. ആരാൽ, സകലതും സൃഷ്ടിക്കപ്പെട്ട് പരിപാലക്കപ്പെടുന്നുവോ; ആരാൽ സ്വർഗ്ഗത്തിലുള്ളവർ നിലനില്ക്കുകയും ഭൂമിയിലുള്ളവർ ശക്തിപ്രാപിക്കുകയും ചെയ്യുന്നുവോ, ആ സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരമുള്ളവനെക്കൊണ്ട് ഞാൻ നിന്നെ ശപഥം ചെയ്യിക്കുന്നു. + പിശാചുക്കളുടെ ലെഗിയോനെ പന്നികളിൽകൂടി അഗാധത്തിലേക്കയയ്ക്കുകയും കഠിനഹൃദയനായ ഫറവോനെ അവന്റെ രഥങ്ങളോടും കുതിരപ്പടയോടുംകൂടെ മുക്കിക്കളയുകയും ചെയ്തവനെക്കൊണ്ട് ഞാൻ നിന്നെ ശപഥം ചെയ്യിക്കുന്നു. + ചെകിടനും ഊമനുമായ ആത്മാവിനോട് “ഈ മനുഷ്യനിൽ നിന്നു പോവുക, ഇനി അവനിൽ പ്രവേശിക്കരുത്” എന്ന് ദൈവശക്തിയോടും അധികാരത്തോടും കൂടെ പറഞ്ഞവനാൽ ഞാൻ നിന്നെ ശപഥം + ചെയ്യിക്കുന്നു. മാലാഖമാർ, പ്രധാനമാലാഖമാർ ആദിയായ സർവ്വസൃഷ്ടികളും തന്നെ ഭയപ്പെട്ടു വിറയ്ക്കുകയും തന്റെ മുമ്പിൽ

by Whose command the earth is firmly founded on the waters and the sand isplaced as the boundary for the seas.

I command you ✠ by God Who has all authority in heaven and on earth, by Him Who created all things and preserves them, by Him Who sustains those in heaven and strengthens those on earth;

command you ✠ by God Who cast the legion of demons into the abyss through the swine and Who drowned the hard-hearted Pharaoh, his horsemen, and his chariots in the Red Sea;

I command you ✠ by Jesus Christ, Who with power and divine authority ordered the deaf and dumb spirit, saying: "Get out of this man and do not enter into him again."

✠ Fear the dreadful name of God before Whom the created angels and archangels tremble; in Whose presence all the heavenly powers and ministers stand in awe; Whom the Cherubim and Seraphim dare not look upon; in Whose presence the skytrembles and the depths shiver.

✠ Fear the terrifying name of God Who sent the first rebellious one to hell bound with chains of darkness.

## മാമൂദീസാ

സകല ശക്തികളും ശുശ്രൂഷകന്മാരും ഭയന്നു നില്ക്കുകയും തന്റെ നേരെ നോക്കുവാൻപോലും ക്രൂബേന്മാരും സ്രോപ്പേന്മാരും ധൈര്യപ്പെടാതിരിക്കുകയും തന്റെ മുമ്പിൽ ആകാശം ഇളകുകയും ആഴങ്ങൾ വിറയ്ക്കുകയും ചെയ്യുന്നവനെ നീ ഭയപ്പെട്ടുകൊൾക. ഒന്നാമത്തെ മത്സരക്കാരനെ അന്ധകാര ശൃംഖലകളാൽ ബന്ധിച്ച് അഗാധസ്ഥലത്തേക്കയച്ചവനായ ദൈവത്തിന്റെ ഭയങ്കരനാമത്തെ നീ ഭയപ്പെട്ടുകൊൾക + വരുവാനിരിക്കുന്ന ന്യായവിധിയെ ഭയന്ന് വേഗത്തിൽ മാറിക്കൊൾക +ദൈവസൃഷ്ടിയെ നീ സമീപിക്കരുത്. ദൈവസൃഷ്ടിയെ നീ ഉപദ്രവിക്കരുത്. ദൈവദൃഷ്ടിയിൽ അധിവസിക്കുകയുമരുത്. അത് പിശാചുക്കളുടെ വാസസ്ഥാനമല്ല, ജീവനുള്ള ദൈവത്തിന്റെ ആലയമാണ്. ഞാൻ അവരിൽ വസിക്കുകയും അവരിൽ സഞ്ചരിക്കുകയും അവർക്കു ദൈവമായിരിക്കുകയും അവർ എനിക്ക് വിശുദ്ധ ജനമായിരിക്കുകയും ചെയ്യുമെന്ന് അവിടുന്ന് അരുളിചെയ്തിട്ടുണ്ട്. നീചനും നിന്ദ്യനുമായ അശുദ്ധാത്മാവേ! നിന്നെ അഗ്നിക്കിരയായി നിശ്ചയിച്ചിരിക്കുന്നു. വിശുദ്ധനും വിജയിയും നിർമ്മലനുമായ പിതൃപുത്ര പരിശുദ്ധാത്മാവായ ദൈവത്തെക്കൊണ്ട് ഞാൻ നിന്നെ ശപഥം ചെയ്യിക്കുന്നു. ദൈവഭൃത്യരിൽ നിന്ന് അകന്നുകൊൾക. സഞ്ചാരയോഗ്യമല്ലാത്തതും വെള്ളമില്ലാത്തതുമായ പ്രദേശത്തേക്കു മാറിക്കൊൾക. നിന്റെ സ്ഥാനമതാണ്. ധൃതിപ്പെടുക, മത്സരിക്കരുത്. നീ സമൂലം മാഞ്ഞ് നശിച്ചുപോകട്ടെ. ശപിക്കപ്പെട്ടവനും അശുദ്ധാത്മാവും വഞ്ചകനും അഗ്നിക്കിരയുമായവനേ! ദൈവസൃഷ്ടിയിൽ നിന്ന് അതിവേഗത്തിൽ മാറിക്കൊൾക, മത്സരിക്കരുത്. പിതൃപുത്രപരിശുദ്ധാത്മാവാം ദൈവം തന്റെ സകല സൃഷ്ടികളിൽ നിന്നും നിന്നെ ബഹിഷ്കരിച്ചും

✠ Fear the judgment that is to come; tremble and depart. Do not approach this creature of God! Do not persecute this work of God's hand! Do not dwell in this creation of God, for it is not the place of demons, but the temple and dwellingplace of the Living God Who said: "I shall dwell in them, and walk with them; I shall be their God and they shall be My own people." As for you, O evil spirit, He has made you deplorable, desolate and food for the fire.

By the holy, pure, and victorious God -- the Father, the Son, and the Holy Spirit -- I command you: ✠ depart from this servant of God and go to the place where you belong, the desolate and deserted lands where there is no water. Make haste and donot resist, for God will uproot you, eradicate you, and you will perish completely.

O accursed one, impure spirit, spirit of deception, and fuel for the flames, depart ✠ from this creation of God! Make haste and do not resist! For God--the Father, the Son, and the Holy Spirit--will eradicate you completely by expelling you from the whole of His creation and burning you in the unquenchable fire.

As for the work of His hand, He will preserve him/her until the day of salvation,for all power and authority belong to Him, and to Him we offer up glory, now and always, forever and ever.

PEOPLE: Amin.

കെടാത്ത തീയിൽ നിന്നെ ദഹിപ്പിച്ചും നിന്നെ സമൂലം നശിപ്പിക്കും. തന്റെ കൈപ്പണിയായ ഇവനെയാകട്ടെ രക്ഷാദിവസം വരെ കാത്തുകൊള്ളുകയും ചെയ്യും. ശക്തിയും ആധിപത്യവും അധികാരവും അവിടത്തേക്കുള്ളതാകുന്നു. അവിടത്തേക്കു ഞങ്ങൾ സ്തുതി കരേറ്റുകയും ചെയ്യുന്നു. ഹോശൊ......

## മറ്റൊരു പ്രാർത്ഥന

*(സന്ദർഭാനുസരണം ഏതെങ്കിലും ഉപയോഗിക്കാം)*

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റേയും സ്രഷ്ടാവായ ദൈവമായ കർത്താവേ! ഈ നിന്റെ സൃഷ്ടിയുടെമേൽ ഞങ്ങൾ കൈവയ്ക്കുകയും + നിന്റെ സൃഷ്ടിയും സ്വരൂപവും കൈപ്പണിയുമായ (ഇവനിൽ) നിന്ന് സകല പിശാചുക്കളും ദുഷ്ടരും അശുദ്ധരുമായ എല്ലാ ആത്മാക്കളും ഒഴിഞ്ഞു മാറിപ്പോകുവാൻ വേണ്ടി സകലത്തിലും വിശുദ്ധമായ നിന്റെ നാമത്തിൽ അവയെ മുദ്രയിടുകയും ചെയ്തുകൊണ്ട് ഞങ്ങൾ നിന്നെ വിളിക്കുന്നു. കർത്താവേ! നിന്റെ കൈപ്പണിയായ ഈ നിന്റെ സൃഷ്ടിയിൽ നിന്ന് തിരുനാമത്തിൽ മുദ്രയിട്ടുകൊണ്ട് സകല അശുദ്ധ ദുഷ്ടാത്മാക്കളെയും ഞാൻ ബഹിഷ്കരിക്കുന്നു.

വക്രബുദ്ധിയും അഹങ്കാരിയുമായവനേ! നീ ശാസിച്ച് +++ നിന്റെ (ദാസനെ) വഞ്ചകാത്മാക്കളിൽ നിന്ന് സ്വതന്ത്ര(നാ)ക്കണമേ. അല്ലയോ അശുദ്ധാത്മാവേ! വരുവാനിരിക്കുന്ന ന്യായവിധിയെ നീ ഭയപ്പെട്ടുകൊൾക +++ ദൈവസൃഷ്ടിയെ നീ സമീപിക്കരു

## - ALTERNATE PRAYER OF ADJURATION -

PRIEST: In Your holy name, O Lord God, I sign and cast out ✠ ✠ ✠ every evil and wicked spirit from this Your creation and the work of Your hand. O Lord, rebuke the crooked and proud one, and purify Your servant from the spirits of deception.

O impure spirit, fear ✠ ✠ ✠ the coming judgment. Do not approach this creation of God, because he/ she is not the dwelling place of demons, but is the temple of God.

I command you ✠ ✠ ✠ in the name of the Father, Son, and Holy Spirit to be expelled and eradicated. Make haste and do not resist, O filthy spirit!

PEOPLE: Amin

ത്. എന്തെന്നാൽ അത് പിശാചുക്കളുടെ അധിവാസസ്ഥലമല്ല; ദൈവത്തിന്റെ ആലയമാകുന്നു. പിതൃപുത്രപരിശുദ്ധാത്മാവാം ദൈവത്തെക്കൊണ്ട് ഞാൻ നിന്നെ ശപഥം ചെയ്യിക്കുന്നു. +++ അശുദ്ധാത്മാവേ! നീ സമൂലം - വേഗത്തിൽ - നിശ്ശേഷം നീങ്ങിപ്പോവുക, മത്സരിക്കരുത്.

*(പട്ടക്കാരൻ കിഴക്കോട്ടും, സ്ഥാനാർത്ഥി പടിഞ്ഞാറോട്ടും തിരിഞ്ഞു നിന്നുകൊണ്ട് സാത്താനെ മൂന്നുപ്രാവശ്യം തള്ളിപ്പറയിക്കുന്നു. തലതൊടുന്നയാൾ ഇടതുകൈകൊണ്ട് സ്നാനാർത്ഥിയുടെ ഇടതുകൈയിൽ പിടിച്ചുകൊണ്ട് അവനുവേണ്ടി ഈ ഉപേക്ഷണവാചകം ചൊല്ലുന്നു.)*

മാമൂദീസാ മുങ്ങുന്ന...... ഞാൻ, സാത്താനേ! നിന്നെയും, നിന്റെ സകല സൈന്യങ്ങളെയും, ദൂതന്മാരേയും, നിന്നെയുള്ള സകല ഭയത്തെയും, നിന്റെ സകല വഞ്ചനയെയും ഉപേക്ഷിക്കുന്നു.

*(പട്ടക്കാരൻ പടിഞ്ഞാറോട്ടും സ്നാനാർത്ഥി കിഴക്കോട്ടും തിരിഞ്ഞു നിൽക്കുന്നു. തലതൊടുന്നയാൾ വലതുകൈകൊണ്ട് സ്നാനാർത്ഥിയുടെ വലതുകൈയിൽ പിടിച്ചുകൊണ്ട് ഈ വിശ്വാസവാചകം മൂന്നുപ്രവശ്യം ചൊല്ലുന്നു.)*

മാമൂദീസാ മുങ്ങുന്ന ........ ഞാൻ, മിശിഹാ തമ്പുരാനേ!

## - RENUNCIATION OF SATAN -

The candidate faces the West & the godparent holds the left hand of the child with his/her left hand & renounces Satan on his/her behalf:

PRIEST: I, [NAME] / who am being baptized / renounce you Satan, / all your armies, / all your messengers, / all fear of you, / and all of your deceitfulness.

## - ADHESION TO CHRIST -

The candidate faces the East & the godparent holds the right hand of the child with his/her right hand & accepts Christ on his/her behalf:

PRIEST: I, [NAME] / who am being baptized, / confess and believe in You, / O Christ my God, / and in the whole teaching / which You have divinely handed down / through the Prophets, / the Apostles, / and the Holy Fathers.

## - NICENE CREED -

PRIEST: We believe in One True God,

PEOPLE: The Father Almighty, / Maker of heaven and earth, / and of all things visible and invisible;
And in the One Lord Jesus Christ, / the Only-Begotten Son of God, / begotten of the Father before all worlds, / Light of Light, / True God of True God, / begotten, not made, / being of one essence with the Father, / and by Whom all things were made; / Who for us men and for our salvation / came down

നിന്നിലും പരിശുദ്ധന്മാരായ, ദീർഘദർശിമാരും ശ്ലീഹന്മാരും, പിതാക്കന്മാരും മുഖാന്തിരം, ദൈവികമായി നീ ഭരമേൽപിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും ചേർന്നു വിശ്വസിക്കുന്നു.

**പട്ടക്കാരൻ** — സർവ്വശക്തിയുള്ള പിതാവായി.....

*(അനന്തരം മാമൂദീസാ മുറിയിലേക്കു പ്രവേശിച്ച്*
*സ്നാനാർത്ഥിയുടെ വസ്ത്രങ്ങൾ ഉരിഞ്ഞു കളയുന്നു)*

## രഹസ്യപ്രാർത്ഥന

തന്റെ വിശുദ്ധാത്മാവിനെ അയച്ച് (ഇവനെ) ശൂന്യതയിൽ നിന്ന് സൃഷ്ടിക്കുകയും മനുഷ്യ സ്നേഹത്തോടെ വിശുദ്ധ മാമൂദീസായ്ക്കു അർഹ(നാ)ക്കിത്തീർക്കുകയും ചെയ്ത കർത്താവേ! വിശുദ്ധ ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേൽ (ഇവനെ) ഉറപ്പിക്കണമേ. വിശുദ്ധ സഭയിൽ ഒരു സത്യ നടുതലായി (ഇവനെ) സ്ഥാപിക്കണമേ. കൂദാശാപരമായ അഭിഷേകത്തിന് അർഹനാകത്തക്കവണ്ണം നിന്റെ വിശുദ്ധാത്മാവിനെ (ഇവനിൽ) അയയ്ക്കണമേ. നിന്റെ ദൈവികദാനങ്ങളാൽ (ഇവനെ) നിറയ്ക്കണമേ. പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സ്വതന്ത്രനാകുവാൻ വേണ്ടി ഈ നിന്റെ (ആരാധകന്റെ) ഹൃദയത്തിൽ നിന്റെ പ്രകാശം ഉദിപ്പിക്കണമേ.

from heaven; † And was incarnate of the Holy Spirit and of the Holy Virgin Mary, / Mother of God, / and became man;

† And was crucified for us / in the days of Pontius Pilate / and suffered, and died, and was buried;

† And on the third day, He rose again / according to His will, / and ascended into heaven, / and sits at the right hand of the Father, / and shall come again in His great glory / to judge both the living and the dead, / whose kingdom shall have no end;

And in the one Living Holy Spirit, / the life-giving Lord of all, / Who proceeds from the Father, / and Who together with the Father and the Son is worshipped and glorified, / Who spoke through the prophets and apostles;

And in the One, Holy, Catholic, and Apostolic Church; / and we confess one baptism for the remission of sins, / and look for the resurrection of the dead / and the new life in the world to come / Amin.

## - INAUDIBLE PRAYER -

O Lord, You sent Your Holy Spirit and created this Your servant from nothingnessinto existence. Through Your love for humanity, he/she has been made worthy of Holy Baptism. Establish him/her on the foundation of the Holy Apostles, and plant him/her as a true sapling in Your Holy Church. Send Your Holy Spirit upon him/her so that he/she may become worthy of the mystery of anointing. Fill him/her with Your divine gifts. Make Your light shine in the heart of this Your worshiper, so that he/she may be free from the slavery of sin.

# മാമൂദീസാ

*പട്ടക്കാരൻ പെരുവിരൽ അഭിഷേക തൈലത്തിൽ മുക്കി സ്നാനാർത്ഥിയുടെ നെറ്റിയിൽ മുദ്രയിടുന്നു.*

വീണ്ടും ജനനത്താൽ പുത്രസ്വീകാര്യത്തിന് അർഹനായിത്തീരുവാൻ വേണ്ടി സന്തോഷതൈലത്താൽ.... പിതാവിന്റെയും* പുത്രന്റെയും * ജീവനുള്ള പരിശുദ്ധ റൂഹായുടെയും * നാമത്തിൽ നിത്യജീവനായി .............................. മുദ്രകുത്തപ്പെടുന്നു.

ܡܬܪܫܡ ܦܠܢ . ܒܡܫܚܐ ܕܚܕܘܬܐ ܕܢܫܬܘܐ
ܠܣܝܡܘܬ ܒܢܝܐ ܒܡܥܡܘܕܝܬܐ ܕܡܢ ܪܘܚܐ . ܒܫܡܐ
ܕܐܒܐ ※ ܘܒܪܐ ※ ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ※
ܠܚܝܐ ܕܠܥܠܡ ܥܠܡܝܢ . ܐܡܝܢ ❖

*(പട്ടക്കാരൻ മാമൂദീസാ തൊട്ടി തുറന്ന് വലതുകൈ ഇടതുകൈയുടെ മുകളിലായി കൈകൾ കുരിശു പോലെ പിടിച്ചിട്ട് വലതുകൈയിൽ ചൂടുവെള്ളവും ഇടതുകൈയിൽ പച്ചവെള്ളവും എടുത്ത് രണ്ടും തമ്മിൽ കലർത്തിക്കൊണ്ട് ഈ പ്രാർത്ഥന ഉച്ചത്തിൽ ചൊല്ലുന്നു.)*

- AUDIBLE -

*[The priest dips his thumb into the oil of anointing and signs the child on his forehead]*

PRIEST: [Name] is signed with the oil of gladness, that he/she may be made worthy of adoption as a son/daughter by being born again:
In the name of the Father...and of the Son...and of the Living and Holy Spirit, unto life eternal. Amin.

*[The priest stands before the baptismal font. He takes warm water in his right handand cold water in his left hand and he places the right hand over the left in the form of a Cross and says this prayer while mixing this water:]*

# പ്രാർത്ഥന

ദൈവമായ കർത്താവേ! ഞങ്ങളുടെ ബലഹീനമായ മധ്യസ്ഥതയാൽ ഈ വെള്ളം ആത്മീയ ഉദരവും നാശമില്ലായ്മയെ വാർക്കുന്ന മൂശയും ആയിത്തീരത്തക്കവണ്ണം നിന്റെ വിശുദ്ധാത്മ ശക്തിയും വ്യാപാരവും ഇതിൽ കലർത്തണമേ. ഇതിൽ മാമൂദീസാ മുങ്ങുന്ന നിന്റെ (ദാസന്) നിന്റെ തിരുവിഷ്ടത്താലും നിന്റെ ഏകപുത്രന്റെ മനുഷ്യസ്നേഹത്താലും നിന്റെ പരിശുദ്ധാത്മാവിന്റെ വ്യാപാരത്താലും ഇത് നാശരഹിതമായ ആത്മീയവസ്ത്രവും പാപബന്ധനങ്ങളിൽ നിന്നുള്ള മോചനവും ആയിത്തീരുവാൻ കൃപയരുളുകയും ചെയ്യണമേ. ഹോ.....

## (കൂക്കോയൊ)

*കേൾപ്പിൻ-ഭൂതജാതികളേ-ഹാലേലുയ്യാ.
ചേർത്തു-സലിലം യോഹന്നാൻസ്നാന-ത്തിന്നായ്
മുങ്ങി-ശുദ്ധീകരണം ചെയ്തതിനുള്ളിൽ മ—ശിഹാ

നീരിൽനിനന്നും-തീരത്തേറുമ്പോൾ
അവനെ മാനി-ച്ചവനിയുമംബരവും

കതിരോ-ൻ കതിരുകൾ ചായിച്ചു താര-കൾക്കൂ-പ്പി
ആറ്റിൻ-നിരയോടൂറ്റുകളെ വാഴ്ത്തിയ ദൈവ-ത്തെ

ഹാലേലുയ്യാ-ഉഹാലേലുയ്യാ
വരുവിൻ-കേൾപ്പിൻ ഞാൻ ചൊല്ലാം -ഹാ....
പരിപാ-വനമാമൂദീസാ തിരുസഭയെന്നേ-വം
അഴകേ-റീടും സോദരിമാർ മറ്റെങ്ങുമരു-ന്നു

---

*കുരിശടയാളമുള്ള വെള്ളത്തുണികൊണ്ട് മാമൂദാസാത്തൊട്ടി മൂടുന്നു.

PRIEST: Through the supplication of our feebleness, O Lord God, mix the power and operation of Your Holy Spirit in this water, so that this may become a spiritual womb and a crucible which brings forth immortality. Grant that this water may be for your servant, who is being baptized in it, both an incorruptible spiritual garmentand liberation from the bond of sin by Your good will and by the love for humankind of Your Only-begotten Son and through the operation of Your Holy Spirit, now and always, forever and ever.

PEOPLE: Amin

*[A cross is placed in the water and the water is covered with a sushefo]*

- QUQOYO -

1.*Listen - to this all people – Halleluyah*

John mixed - the baptismal waters which Christ entered

The Lord - sanctified them and was baptized in them

As He rose up - out of the water Heaven and earth - gave honor to Him

The sun - and moon worship him; the clouds give glory

To Him - who sanctified the waters that the world

Halleluyah - may be purified

2. *O, come - and listen to me – Halleluyah*

Who has - seen two sisters as beautiful as these?

The pure - Baptism and the One, True Holy Church?

One gives birth to –
spi`ri`tual children While
the other - nurtures these
newborn

## മാമൂദീസാ

നവ്യാത്മീയ - പൈതങ്ങളെയൊരുവൾ
പെറ്റീടുന്നു - മറ്റവൾ പോറ്റുന്നു

മാമോ-ദീസായാത്മീയൻ ശിശുവിനെ നീരി-ന്നും
പ്രസവി-ച്ചീടും, സഭയതിനെകൈക്കൊണ്ടർപ്പി-ക്കും

ഹാലേലുയ്യാ-കർത്താവിൻ പക്കൽ
ബാറെക്മോർ - ശുബഹൊ......

ആചാ-ര്യൻ മാമൂദീസാത്തൊട്ടി* തുറക്കു-മ്പോൾ
കൂറു-ന്നീറേ ദൂതന്മാരാശ്ചര്യം വാ-നിൽ

മണ്മയനെരിതീ-ജ്വാലോപരിനിന്നി-
ട്ടാറൂഹായെ-ചെയ്യുന്നാഹ്വാനം
റൂഹാ-സത്വരമുത്തരവായിഷ്ടം നിറവേ-റ്റി
പാപ-ത്തിൻ പരിഹാരാർത്ഥം പാവനമാക്കു-ന്നു.

ഹാലേലുയ്യാ-മാമൂദീസായെ.
മെനഓലം.........

ഉയിരിൻ-നീരുറവാം സ്നാനത്തൊട്ടി തുറന്ന-പ്പോൾ
ജനകാ-ത്മജ റൂഹായതിനെപ്പരിപാവനമാ-ക്കി

വത്സല സുതനെ-ന്നാർത്താനത്താതൻ
തൻതലതാഴ്ത്തി-ട്ടാത്മജനതിൽ മുങ്ങി

പ്രാവിൻ-വടിവിൽ റൂഹ്ക്കുദിശാ തനയന്മേൽ താ-ണു
ജീവൻ-ജഗതിക്കരുളീടും മഹിത ത്രിത്വ-ത്തിൽ

ഹാലേലുയ്യാ-കൊള്ളുന്നഭയം നാം
മൊറിയൊ.....

**ശുശ്രൂഷക്കാരൻ** - കുറിയേ.....

---

***മാമൂദീസാത്തൊട്ടി തുറക്കുന്നു**

And when - Baptism brings forth the child through water
The Church - receives this spi`ri`tual child and offers
Halleluyah - him/her unto the Lord. Barekmor.

PRIEST: Glory be to the Father, Son, and Holy Spirit. Halleluyah

*[Priest removes sushefo from over the baptismal font and waves it over waters]*

3. Brethren - see this wondrous miracle when the priest
Extends - his hand and unveils the baptismal font
Angels on high - are struck with wonder
As this human - stands above the flame
He calls - the Spirit to descend from heaven and
At once - God hears and fulfills his will and hallows
Halleluyah - the waters for him

PEOPLE: Unto the ages of ages and forevermore. Halleluyah.

*[The Priest hands the sushefo and the cross to the assistant]*

4. The spring - of life, baptism, is opened and is
Hallowed - by the Father, Son and Holy Spirit
The Father said - "My belov`ed son"
The Son bowed His - head for baptism
While the - Spirit descended on Him like a dove
Truly - we believe in the glor'ous Trinity
Halleluyah - by Whom the worlds live
Lord have mercy upon us and help us!

*("Kurielaison" is chanted by the people until the priest completes the inaudibleprayer.)*

## രഹസ്യപ്രാർത്ഥന

കർത്താവേ! പാപത്തിന്റെ സകല കളങ്കവും മാലിന്യവും നീക്കിക്കളയുന്ന യഥാർത്ഥമായ നൈർമല്യത്തിന്റെ നീരുറവ നീ ഞങ്ങൾക്ക് നൽകിയിരിക്കുന്നു. കർത്താവേ! പാപികളായ ഞങ്ങളുടെ മദ്ധ്യസ്ഥതയാൽ നിന്റെ ഏകപുത്രൻ തന്റെ വിശുദ്ധ ശിഷ്യന്മാരിൽ ഊതിയ ശ്വാസം ഇപ്പോൾ (ഇവന്) നൽകണമേ.

## പ്രാർത്ഥന

കർത്താവേ! നീ രക്ഷിതാവും വെടിപ്പാക്കുന്നവും സർവ്വ വിധ നന്മകളും പ്രദാനം ചെയ്യുന്നവനുമാകയാൽ നിനക്കും നിന്റെ ഏകപുത്രനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹോശോ......

**പട്ടക്കാരൻ** - കർത്താവേ! ഈ വെള്ളത്തിന്റെ നേരെ തിരിഞ്ഞ് ഇതിനെ ശുദ്ധീകരിക്കണമേ.

**ശുശ്രൂഷക്കാരൻ** - കുറിയെ.....

*(ഈ രഹസ്യപ്രാർത്ഥന ചൊല്ലിക്കൊണ്ട് പട്ടക്കാരൻ വെള്ളത്തിൽ പടിഞ്ഞാറുനിന്ന് കിഴക്കോട്ടും തെക്കു നിന്ന് വടക്കോട്ടും കുരിശാകൃതിയിൽ മൂന്നു പ്രാവശ്യം ഊതുന്നു)*

## രഹസ്യപ്രാർത്ഥന

കർത്താവേ! മനുഷ്യനെ കൊല്ലുന്നവനായ ആ മഹാസർപ്പത്തിന്റെ തല നിന്റെ സ്ലീബായുടെ + അടയാളത്തിൻ കീഴിൽ ചതയ്ക്കപ്പെടുമാറാകണമേ. +

## - INAUDIBLE PRAYER -

You have given us, O Lord, the wellspring of true purification, which removes the stains and marks of sin. Even now, O Lord, through the intercession of us sinners, grant Your divine breath which Your Only Begotten Son breathed on His holy disciples.

## - AUDIBLE PRAYER -

PRIEST: As You are the Savior and the Purifier and the Giver of all good things, we offer praise to You and to Your Only Begotten Son and to Your Holy Spirit, now and always, forever and ever.

PEOPLE: Amin.

PRIEST: O Lord, turn to this water and sanctify it.

*("Kurielaison" is chanted by the people until the priest completes the inaudible prayer.)*

## - INAUDIBLE PRAYER -

*[The priest breathes on the waters in the form of a cross 3x during this inaudible prayer]*

PRIEST: O Lord, crush the head of the dragon, the killer of humankind, under the sign of Your cross ✠.

We pray to You, O Lord: ✠ Drive away from this water all the aerial and invisible demons and do not let a demon of darkness conceal himself in this water.

## മാമൂദീസാ

അന്തരീക്ഷത്തിലെ അദൃശ്യങ്ങളായ നിഴലുകൾ ഓടിമാറുകയും ചെയ്യണമേ. കർത്താവേ! നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അന്ധകാരത്തിനടുത്തവനായ + ആ പിശാച് ഈ വെള്ളത്തിൽ ഒളിച്ചിരിക്കുകയൊ ദുഷ്ട വിചാരങ്ങളും മനശ്ചാഞ്ചല്യവും ഉള വാക്കുന്ന ആ അന്ധകാരമയനായ ദുഷ്ടാത്മാവ് മാമോദീസ മുങ്ങുന്ന (ഇവന്റെ) കൂട്ടത്തിൽ ഇറങ്ങുകയോ ചെയ്യുവാനിടയാ കരുതേ. ആകെൽക്കറുസായുടെ വ്യാപാരം (ഇവനിൽ) നിന്ന് മാഞ്ഞുപോകുവാൻ നീ കൃപ ചെയ്യണമേ.

## പ്രാർത്ഥന

നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടതായ നിന്റെ സഭയും ആട്ടിൻകൂട്ടവും യോർദ്ദാൻ നദീപ്രവാഹത്തിങ്കൽ നിന്നുകൊണ്ട് നിന്നോടും നീ മുഖാന്തിരവും നിന്നോടു കൂടെയും നിന്റെ പിതാവിനോടും മനോവേദനയോടെ അപേക്ഷിക്കുന്നു.

**ജനം** - സർവ്വശക്തിയുള്ള പിതാവായ ദൈവമേ! ഞങ്ങളോട് കരുണ ചെയ്യണമേ.

**പട്ടക്കാരൻ** - കർത്താവേ! ബലഹീനരും പാപികളുമായ നിന്റെ ദാസരായ ഞങ്ങളും നിനക്കു നന്ദിപറയുകയും സകല ത്തെപ്രതിയും സകലത്തിനുവേണ്ടിയും ഉള്ള നിന്റെ ദയയെ സ്തോത്രം ചെയ്യുകയും ചെയ്യുന്നു.

✠ Do not let any evil spirit bringing obscurity of purpose and rebellion of thoughtsdescend into the water along with this child who is to be baptized. And drive away from him/her all the operations of the adversary.

- AUDIBLE PRAYER -

PRIEST: Therefore, Your Church and Your flock redeemed by Your Cross stand bythe abundant rushing waters of the River Jordan with compunction, and beseech You and through You and with You to Your Father saying:

PEOPLE: Have mercy upon us, O God, Father Almighty.

PRIEST: Also, Lord, we Your weak and sinful servants give thanks unto You, and confess Your goodness toward all and on behalf of all.

-

**ശുശ്രൂഷകൻ** – ബാറെക്മോർ, എന്റെ വാത്സല്യമുള്ളവരേ! ജീവനുള്ള പരിശുദ്ധറൂഹാ സ്വർഗ്ഗീയ മഹോന്നതങ്ങളിൽ നിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി ഈ മാമോദീസാ വെള്ളത്തിന്മേൽ ആവസിച്ച് അതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്ര ഭയങ്കരവും ഈ സമയം എത്ര സംഭ്രമജനകവുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭക്തിയോടും നിന്നുകൊണ്ട് പ്രാർത്ഥിപ്പിൻ.

*(പട്ടക്കാരൻ രണ്ടു കൈകളും ആവസിപ്പിച്ചുകൊണ്ട് പരിശുദ്ധാത്മവിളിയുടെ രഹസ്യ പ്രാർത്ഥന ചൊല്ലുന്നു)*

## രഹസ്യപ്രാർത്ഥന

സർവ്വാധിപതിയായ പിതാവാം ദൈവമേ! ഞങ്ങളിൽ കരുണ തോന്നി ക്നൂമായ്ക്കടുത്തവനും ഉന്നതനും കർത്താവും ജീവദായകനും, ന്യായപ്രമാണവും ദീർഘദർശിമാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനും, എല്ലായിടത്തും സമീപസ്ഥനും സകലത്തെയും പൂർത്തീകരിക്കുന്നവനും, താൻ പ്രിയപ്പെടുന്നവരിൽ സ്വന്ത ഇഷ്ടപ്രകാരം, ഭൃത്യനെപ്പോലെയല്ല അധികാരിയെപ്പോലെ, വിശുദ്ധത പ്രവർത്തിക്കുന്നവനും പ്രകൃത്യാ നിർമ്മലനും വിവിധ വ്യാപാരങ്ങളോടുകൂടീയവനും ദൈവീക ദാനങ്ങളുടെ ഉറവിടവും സാരാംശത്തിൽ നിന്നോട് ഒന്നായിരിക്കുന്നവനും നിന്നിൽനിന്ന് പുറപ്പെടുകയും നിന്റെ പുത്രനിൽ നിന്ന് എടുക്കുകയും ചെയ്യുന്നവനും നിന്റെയും, ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ നിന്റെ ഏകപുത്രൻ യേശു

## - INVOCATION OF THE HOLY SPIRIT -

DEACON: Barekmor. How solemn is this hour, and how awesome is this time, mybeloved, wherein the Living Holy Spirit takes wing and descends from the most elevated heights of heaven, and broods and rests upon these baptismal waters, sanctifying them. In stillness and fear, let us stand and pray!

*("Kurielaison" is chanted by the people until the priest completes the inaudible prayer.)*

## - INAUDIBLE PRAYER -

PRIEST: Have mercy upon us, O God, Father Almighty! From Your prepared dwelling place and from Your boundless bosom, send upon us and upon this water,which is being sanctified, Your Holy Spirit: Who is Personal, pre-eminent, the Lord and life-giver; Who spoke through the Law, the Prophets, and the Apostles; Who is present in all places; Who fills all spaces; Who perfects holiness in those who obey Your perfect will, not as a servant but as Lord, pure in nature, working inmany ways, the spring of spiritual gifts, of one essence with You, proceeding from You and taking from Your Son; Who is equal on the throne of Your Kingdom, and equal with Your only begotten Son, our Lord and God and Savior Jesus Christ.

## മാമൂദീസാ

മിശിഹായുടെയും രാജ്യത്തിലെ പദവിയിൽ തുല്യനുമായ നിന്റെ പരിശുദ്ധറൂഹായെ ഒരുക്കപ്പെട്ടതായ നിന്റെ വാസസ്ഥലത്ത്നിന്നും നിസ്സീമമായ നിന്റെ മടിയിൽ നിന്നും ഞങ്ങളുടെമേലും, ശുദ്ധീകരിക്കപ്പെടുന്ന ഈ വെള്ളത്തിന്മേലും അയയ്ക്കണമേ.

## പട്ടക്കാരൻ

കർത്താവേ! എന്നോടുത്തരമരുളണമേ, കർത്താവേ! എന്നോടുത്തരമരുളണമേ, കർത്താവേ! ഉത്തരമരുളിച്ചെയ്ത് ദയതോന്നി എന്നോട് കരുണ ചെയ്യണമേ.

*(പട്ടക്കാരൻ താഴെയുള്ള ഓരോ ഖണ്ഡിക ചൊല്ലുമ്പോഴും വെള്ളത്തിന്മേൽ ഓരോ കുരിശടയാളം വരയ്ക്കുന്നു)*

സർവ്വാധിപതിയാകുന്ന ദൈവമായ കർത്താവേ! ഈ വെള്ളത്തെ ആശ്വാസജലവും, സന്തോഷകരവും, ആനന്ദകരവുമായ വെള്ളവും നിന്റെ ഏകപുത്രന്റെ മരണത്തെയും പുനരുത്ഥാനത്തെയും ദൃഷ്ടാന്തപ്പെടുത്തുന്ന വെള്ളവും വെടിപ്പാക്കുന്ന വെള്ളവും ആക്കിത്തീർക്കണേ. + ആമ്മീൻ.

ഈ ജലത്തെ ആത്മശരീരങ്ങളുടെ മാലിന്യത്തെ ശുദ്ധീകരിക്കുന്നതും ബന്ധനങ്ങളെ അഴിക്കുന്നതും പിഴകളെ ക്ഷമിക്കുന്നതും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നതും ആക്കിത്തീർക്കണമേ. + ആമ്മീൻ.

PRIEST: Answer me, O Lord; answer me, O Lord; answer me, O Lord, and have compassion and mercy upon me.

PEOPLE: Kurielaison, Kurielaison, Kurielaison.

*[At every invocation, the priest signs the baptismal waters with the cross, touching the top, bottom, left and right sides of the water in the font at each mention of "water"]*

PRIEST: O Lord God Almighty, make this water [top] the water of comfort, the water [bottom] of joy and gladness, the water [left] which symbolizes the Death and Resurrection of Your Only Begotten Son, and the water [right] of purification.

PEOPLE: Amin.

PRIEST: And make this water [top] the water for the purification of the defilement of flesh and spirit, the water [bottom] for the liberation from all bondage, the water[left] for the forgiveness of sins, and the water [right] for the illumination of soul and body.

PEOPLE: Amin.

PRIEST: And make this water [top] the water for the washing of rebirth, the water [bottom] for the gift of adoption as children of God, the water [left] for the garment of incorruption, and the water [right] for the renewal through Your Holy Spirit.

PEOPLE: Amin.

## മാമൂദീസാ

ഈ ജലത്തെ വീണ്ടും ജനനത്തിൽ സ്നാനവും പുത്ര സ്വീകാര്യത്തിൽ നൽവരവും നാശരഹിതമായ വസ്ത്രവും വിശുദ്ധാത്മാവിൻ പുതുക്കവും ആക്കിത്തീർക്കണമേ. + ആമ്മീൻ.

## പട്ടക്കാരൻ

*(മൂറോൻപാത്രം കൈയ്യിലെടുത്ത് മൂന്നുപ്രാവശ്യം കുരിശാകൃതിയിൽ ആഘോഷിച്ചുകൊണ്ട്)*

ദൈവമേ! വെള്ളം നിന്നെ കണ്ടു. കർത്താവേ! വെള്ളം നിന്നെ കണ്ടു ഭയപ്പെട്ടു.

**ശുശ്രൂഷകൻ** - ഹാലേലുയ്യാ.

**പട്ടക്കാരൻ** - കർത്താവിന്റെ ശബ്ദം വെള്ളത്തിന്മേൽ മുഴങ്ങി. മഹത്വമുള്ള ദൈവമായ കർത്താവ് പെരുവെള്ളത്തിന്മീതെ ഗർജ്ജിച്ചു.

**ശുശ്രൂഷകൻ** - ഹാലേലുയ്യാ.

**പട്ടക്കാരൻ** - പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും ആദിമുതൽ എന്നന്നേയ്ക്കും സ്തുതി.

**ശുശ്രൂഷകാരൻ** - ആമ്മീൻ

*(പട്ടക്കാരൻ താഴെകാണുന്ന പ്രാർത്ഥന ചൊല്ലി മാമൂദീസാ തൊട്ടിയിൽ കുരിശാകൃതിയിൽ മൂറോൻ ഒഴിക്കുന്നു)*

ഈ മാമൂദീസാ വെള്ളത്താൽ പഴയമനുഷ്യൻ പുതുതാക്കപ്പെട്ട് നവീകരിക്കപ്പെടുവാൻ വേണ്ടി പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധ റൂഹായുടെയും + നാമത്തിൽ പരിശുദ്ധ മൂറോൻ ഇതിൽ ഞങ്ങൾ ഒഴിക്കുന്നു.

**ശുശ്രൂഷക്കാരൻ** - കുറിയെ.....

PRIEST: The waters saw You, O God! The waters saw You, O Lord, and wereafraid.

DEACON: Halleluyah.

PRIEST: The voice of the Lord is upon the waters; the God of glory thunders; theLord is upon the many waters.

DEACON: Halleluyah.

PRIEST: Glory be to the Father and to the Son and to the Holy Spirit; now andalways, forever and ever.

PEOPLE: Amin.

*[The Priest pours the Holy Chrism into the water in the sign of a Cross saying:]*

PRIEST: We pour the Holy Chrism (myron) into this water of baptism that the oldperson may be made anew...

PEOPLE: Barekmor...

PRIEST: In the name of the Father [top] and of the Son [bottom] and of the Living[left] and Holy [right] Spirit, unto life eternal.
Amin.

PEOPLE: Amen...Amen...Amen

*("Kurielaison" is chanted by the people until the priest completes the inaudibleprayer.)*

## രഹസ്യപ്രാർത്ഥന

തന്റെ പരിശുദ്ധാത്മാവിനെ പ്രാവിന്റെ രൂപത്തിൽ അയച്ച് യോർദ്ദാൻ നദിപ്രവാഹത്തെ ശുദ്ധീകരിച്ച ദൈവമായ കർത്താവേ! മാമൂദീസാ മുങ്ങുന്ന ഈ നിന്റെ (ദാസനെ) പൂർത്തീകരിച്ച് രക്ഷാകരമായ നിന്റെ സ്നാനംമൂലം (ഇവനെ) നിർമ്മല(നാ)ക്കി നിന്റെ മിശിഹായോട് സംബന്ധമുള്ളവ (നാ)ക്കിത്തീർക്കണമേ.

## പ്രാർത്ഥന

(ഇവൻ) ഇതിനാൽ പുതുക്കപ്പെട്ട് ശ്രേഷ്ഠ(നാ)യിത്തീരുകയും നിന്റെ കൃപയാൽ നിറയുകയും നിന്റെ ദിവ്യകൽപനകൾ പാലിക്കുകയും ഞങ്ങളും (ഇവനും) കൂടി നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ.

**ജനം** - ആമ്മീൻ

**പട്ടക്കാരൻ** - നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

**ജനം** - അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

- INAUDIBLE PRAYER -

PRIEST: O Lord God, Who sent Your Holy Spirit in the form of a dove and sanctified the floodwaters of the River Jordan, perfect this Your servant who is being baptized, and make him/her have fellowship with Christ, being purified by Your salvific washing...

- AUDIBLE PRAYER -

PRIEST: So that by becoming glorious through being renewed and filled with Your grace, and keeping Your divine gifts which are entrusted to him/her, both we and your servant who is being baptized may praise You and confess You and Your OnlyBegotten Son and Your Spirit.

PEOPLE: Amin.

PRIEST: Peace be unto you all.

PEOPLE: And to your spirit.

*[The priest waves and flutters his right hand over the baptismal waters and makes the sign of the cross 3x on the water while saying the following in a loud voice]*

## മാമൂദീസാ

*(പട്ടക്കാരൻ കൈ ആവസിപ്പിച്ചശേഷം വലതുകൈ നീട്ടി റൂശ്മാ ചെയ്തുകൊണ്ട് ഉച്ചത്തിൽ ചൊല്ലുന്നു)*

നിത്യജീവനുവേണ്ടി ജീവനുള്ള പിതാവിന്റെ + നാമത്തിലും, നിത്യജീവനുവേണ്ടി ജീവനുള്ള പുത്രന്റെ + നാമത്തിലും; നിത്യജീവനുവേണ്ടി ജീവനുള്ള പരിശുദ്ധ + റൂഹായുടെ നാമത്തിലും ഈ വെള്ളം ദിവ്യസ്നാനത്തിനും വീണ്ടും ജനനത്തിനുമായി ഭവിക്കുവാൻ വേണ്ടി ആശീർവദിക്കപ്പെട്ടിരിക്കുന്നു.

*(അനന്തരം സ്നാനാർത്ഥിയെ കിഴക്കോട്ട് മുഖമായി മാമോദീസാതൊട്ടിയിൽ ഇറക്കി ഇരുത്തുന്നു. പട്ടക്കാരൻ തൊട്ടിയുടെ കിഴക്കുവശത്ത് പടിഞ്ഞാറോട്ട് തിരിഞ്ഞ് സ്നാനാർത്ഥിക്കഭിമുഖമായി നിൽക്കുന്നു. പട്ടക്കാരൻ തന്റെ വലതുകൈ സ്നാനാർത്ഥിയുടെ തലയിൽ വച്ചുകൊണ്ട് ഇടതുകൈ കൊണ്ട് വെള്ളം കോരി സ്നാനാർത്ഥിയുടെ തലയിൽ ഒഴിക്കുന്നു. ആദ്യം സ്നാനാർത്ഥിയുടെ മുമ്പിൽ നിന്നും രണ്ടാമതു പിറകിൽ നിന്നും മൂന്നാമതു ഇടതുവശത്തു നിന്നും വലതുവശത്തുനിന്നും വെള്ളം കോരിയൊഴിച്ചുകൊണ്ട് ചൊല്ലുന്നു.)*

ജീവന്റെയും പാപമോചനത്തിന്റെയും പ്രത്യാശയിൽ നിത്യജീവനുവേണ്ടി പിതാവിന്റെയും + പുത്രന്റെയും + ജീവനുള്ള പരിശുദ്ധ റൂഹായുടെയും + നാമത്തിൽ .................. മാമൂദീസാ മുങ്ങുന്നു.

PRIEST: This water is blessed and sanctified so that it may be for the divinewashing of rebirth...

In the name of the Living father

✠ unto life;...In the name of the

Living Son ✠ unto life;...

In the name of the Living and Holy Spirit ✠

unto life eternal.PEOPLE: Amin.

*[The priest raises the bottle of the Holy Chrism and lifts it over the water in theform of a cross 3x and the bells are rung when the Chrism is elevated.]*

*[The priest walks to the opposite side of the baptismal font and faces the West. He then makes the candidate, who faces East, descend into the baptismal font. He places his right hand on the candidate's head and with his left hand pours the baptismal waters from the east, from the west, from the north, and then from the south on the candidate.]*

PRIEST: In the hope of life and for the remission of sins:

PRIEST: [NAME] is baptized in the name of the Father... and of the Son...and ofthe Living and Holy Spirit, unto life eternal.

PEOPLE: Amin.

*[The priest lifts up the baptized and gives them to their Godparent.]*

## മാമൂദീസാ

*(പട്ടക്കാരൻ സ്നാനാർത്ഥിയെ തൊട്ടിയിൽ നിന്ന് എടുത്ത് തലതൊടുന്നയാളെ ഏൽപ്പിക്കുന്നു. ശുശ്രൂഷക്കാരൻ ഈ ഗീതം ചൊല്ലുന്നു)*

# ത്രൈഹൂൻഒൽമെ

നിന്നൂമഹിമയൊടാരാജകുമാരി

മാമോദീ-സായിൻ-നീരി
ന്നാ-ത്മാവാൽ-ജാതം-ചെയ്തോ
രീ-തങ്ക-കുഞ്ഞാ-ടിനെ നീ-
യേ-ൽക്കുക പാവനയാം സഭയേ!

എൻമകളേ കേൾക്കുക
നോക്കുക ചെവിചായിക്ക

ഈ സ്നാന-ത്തേമുൻ-നിർത്തി
മുൻ-ചൊന്നാൻ-സ്ക്കിറയാ-പുത്രൻ
നൽ-കുന്നേൻ-സ്നാനം-നീരിൽ
വ-ന്നീടു-ന്നോനാ-ത്മാവിൽ
ബാറെക്മോർ-ശുബഹൊ.....

ത്രി-ത്വത്തിൻ-തിരുനാ-മത്തിൽ
നീ-രിൽ സം-ജാതാ! നവമാം
കു-ഞ്ഞാടേ-സ്നാനാ-ത്മജനേ!
സ്വാ-ഗതമോ-തുന്നേ-ൻ-വരിക.
മെനഓലം....

പോ-രിന്നാ-ളുകളെ-കൂട്ടി
തോ-യത്തിൽ-നിന്നും-ഗിദയോൻ
ത-ന്നാരാധകരേ-മശിഹാ
സ്നാ-നത്തിൻ-നീരി-ന്നേറ്റു.

## - QOLO -

*1. The King's daughter stands in glory*

Holy Church, open your arms
Receive this innocent lamb
Which is born of the Spirit
From the baptismal waters

*2. Listen, my daughter, see and heed these words:*

Of this baptism, John spoke:
"I baptize you with water
But the One Who is to come
Will baptize with the Spirit." Barekmor.

PRIEST: Glory be to the Father, Son, and Holy Spirit

3. Come in peace, O newborn lamb
Come, O child of baptism
You were born through water in
The name of the Trinity

PEOPLE: Unto the ages of ages and forevermore.

4. From the waters, Gideon
Chose his men for the battle;
From the baptismal waters
Christ gathered His worshippers

Lord have mercy upon us and help us!

## മാമൂദീസാ

## പട്ടക്കാരൻ

*(മൂറോൻകുപ്പിയെടുത്തു പിടിച്ചുകൊണ്ട് പ്രാർത്ഥന)*

കർത്താവേ! മാമൂദീസായിലുള്ള വിശ്വാസം മൂലം നിന്റെ ഭടന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരിക്കുന്ന ഈ നിന്റെ (ദാസൻ) ഈ പരിശുദ്ധമായ മുദ്രയും അടയാളവും നിന്റെ നാമത്തിൽ പ്രാപിക്കുമാറാകണമേ. ഈ മൂറോൻ തൈലത്താൻ ആത്മീയ മായ സകലവിധ പരിമള വാസനകളാലും (ഇവൻ) നിറയുകയും പ്രതികൂലസൈന്യങ്ങൾക്ക് കീഴടങ്ങാത്തവനായിത്തീരുകയും ചെയ്യണമേ. ഇനി (ഇവൻ) ദുഷ്പ്രഭുക്കളെയോ അന്ധകാരശ ക്തികളെയൊ ഭയപ്പെടുവാനിടയാകാതെ നിന്റെ തേജസ്സിൽ തന്നെ നടക്കുകയും പ്രകാശപുത്ര(നാ)യിത്തീരുകയും നിന്നിൽകൂടി സഞ്ചരിച്ചുകൊണ്ട് തിരുസന്നിധിയിൽ എത്തിച്ചേ രുകയും ചെയ്യണമേ.

*(അനന്തരം പട്ടക്കാരൻ തന്റെ പെരുവിരലിൽ മൂറോൻ പുരട്ടിക്കൊണ്ട് സ്നാനാർത്ഥിയുടെ നേരെ തിരിഞ്ഞ് അവന്റെ നെറ്റിയിൽ മൂന്നുപ്രാവശ്യം കുരിശാകൃതി യിൽ മുദ്രയിടുന്നു)*

മിശിഹായുടെ പരിമള വാസനയും സത്യവിശ്വാസ ത്തിന്റെ അടയാളവും മുദ്രയും വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോനാൽ ...... നിത്യജീവനുവേണ്ടി പിതാവിന്റെയും + പുത്രന്റെയും + ജീവനുള്ള പരിശുദ്ധ റൂഹാ യുടെയും + നാമത്തിൽ മുദ്രകുത്തപ്പെടുന്നു.

*[And the priest takes the bottle of Chrism (myron) in his hand and he says this prayer standing upright:]*

PRIEST: O Lord, may Your servant who has been counted among your worshippers through faith in baptism receive this holy seal and sign in Your Name,so that being spiritually filled with the sweet fragrance of this Chrism (myron) he/she may not be seized by the hostile armies. And from henceforth, may he/she not be afraid of the evil powers and rulers of darkness, but by walking in Your light may he/she become a son/daughter of light, and by following You may he/she come to You.

*[Now the priest turns to the baptized and dipping his thumb into the Chrism (myron), signs him/her on the forehead in the form of a Cross saying:]*

PRIEST: And the perfection of the gift of the Holy Spirit, [NAME] is sealed...In the name of the Father...and of the Son...and of the Living and Holy Spirit, unto lifeeternal.

By the Holy Chrism (myron), which is the sweet fragrance of Christ, the mark and seal of the true faith
PEOPLE: Amin.

*(അനന്തരം സ്നാനാർത്ഥിയുടെ തലമുതൽ കാലുവരെ - ശരീരം മുഴുവനും - മൂറോൻ പൂശിക്കൊണ്ട് ഈ ഗീതം ചൊല്ലുന്നു)*

## (എസ്ഹായാൽ ഉനെസ് ആശാൻ)

തവഹൃദയം ബലമാർന്നീടട്ടെ - കാരുണ്യത്തിൻ സ്നാനത്താലേ - തേജോഗോളസമാനം ഭൂമൌഭാസിപ്പോനെ-സമ്പാദിക്കുക സ്വർഗ്ഗീയബലം നീ റൂഹായാൽ - വഞ്ചന നിറയും മോഹരസത്താൽ ജീർണ്ണിച്ചവനാം പൂർവ്വമനുഷ്യനെ വിദ്വേഷിക്ക-ജീവനെഴും വചനം തവശരണമവിശ്വാസികളുടെ സംസർഗ്ഗത്തിൽ - വിശ്വാസികളുടെ വാഗ്ദത്തമതാം വരുവാനുള്ളൊരു നവജീവങ്കൽ പായുന്നു നീ - നിജകരുണ ആ സമ്പത്തിന്നനുസരണം നീ നേടുക യോഗ്യത മശിഹാ സഹിതം വാണീടാൻ.

*(ഈ സമയത്തേക്ക് വേറൊരു ഗീതം)*

## മെശഹോദ്കുദിശൊ

ദൈ-വം-ചൊ-ന്നാൻ, അ-ഹറോ-നെ പൂശുക
പാവനനാവാ-ൻ, പാവന തൈലത്താൽ
പൂ-ശു-ന്നിപ്പോൾ, സ്നാ-നം-പ്രാപിപ്പൊരു
കുഞ്ഞാടിനെയീ-പാവന തൈലത്താൽ
ബാറെക്മോർ-ശുബഹൊ.....

മാ-മോ-ദീസാ-യേ-ൽക്കും-കുഞ്ഞാടിനെ
വെളിവായ് പൂശും-തൈലവുമിതുതന്നെ
റൂ-ഹാ-ഗു-ഢം, റുശ്മാ-ചെയ്തമ്പൊടു
ദൈവികമായ് വാ-ണിവ(നെ) വാഴ്ത്തുന്നു.

*[Then, he anoints the baptized person with Myron (chrism) from head to toe- the entire body while the following Manito is chanted]*

- MANITHO -[Ex. 29:21]

1. God com-manded - "A-noint Aaron with this Holy Oil
   To be sanctified" Now this pure lamb -
   is anointed with this Holy Oil
   At his/her baptism. Barekmor.

PRIEST: Glory be to the Father, Son, and Holy Spirit.

PEOPLE: Unto the ages of ages and forevermore.

2. This is the oil - which visibly anoints this pure lamb
   Who has been baptized,
   While the Spirit - signs him/her mystically and divinely
   And dwells within him/her

PRIEST: By the grace of baptism, you are now seen in this world in the form of light. Be strengthened by the power from above through the Holy Spirit. Despise and turn away your face from the old self who is corrupted by the pleasure and desire of sin. Until now, you were dealing with those passions of error. But now, byreceiving the Word of Life amongst the unbelievers, realize that you are quickly approaching the new life which is coming and is promised to the faithful, and you shall be made worthy to reign with Christ according to the abundance of His great mercy.

## മാമൂദീസാ

*(അനന്തരം സ്നാർത്ഥിയെ കിരീടം ധരിപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു. മദ്ബഹായിൽ പ്രവേശിച്ച് തുടർന്ന് മൂന്നുപ്രാവശ്യം ത്രോണോസിനു പ്രദക്ഷിണം വയ്പി ക്കുന്നു.)*

# പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമായ കർത്താവേ! ഈ നിന്റെ (ദാസനെ) പ്രഭ കൊണ്ടും മഹത്വം കൊണ്ടും കിരീടം ധരിപ്പിക്കുകയും (ഇവന്റെ) ജീവിതം നിന്റെ കർതൃത്വത്തിന് പ്രീതികരവും തിരുനാമ മഹത്വത്തിന് അനുയോജ്യവും ആയിത്തീരുകയും ചെയ്യണമേ.

# സൂഗീസൊ

നൃപരും-മോഹിച്ചൊരു മകുടം-നീ ചാർത്തി
നിഖിലേ-ശാത്മജനെ സ്തുതിചെ-യ്യുക സഹജാ!

ഹിമമെ-ന്നോണം നിൻവസനം-മിന്നുന്നു
യോർദ്ദാ-ൻ നദിയേക്കാൾ ഹൃദ്യം-നിൻ കാന്തി

റൂഹാ-തൻബലമോടൊരു മാ-ലാഖസമം
മാമോ-ദീസായിൽ നിന്നും -നീ കയറി

വാടാ-ത്തൊരു മകുടം തലമേൽ-നീ ചൂടി
ആദാം-ഗൃഹമഹിമാവീനാൾ-നീ-നേടി

സഹജാ!-സ്വർഗ്ഗീയം ഭാഗ്യം-നീയാർന്നു
കരുതീ-ടുക ദുഷ്ടൻ മോഷ്ടിച്ചീ-ടായ്വാൻ

ആചാ-ര്യൻ വഴിയായാദ്യം-നൽകിയതാം
മകുടം-യോഗ്യം നിൻ വസനം-രമണീയം

## CROWNING

*[The priest leads him/her to the and crowns him/her with a crown and says:]*

PRIEST: O Lord God, crown this Your servant with splendor and glory. Grant thathis/her life be pleasing to Your majesty and be for the glory of Your Holy Name, OFather, Son and Holy Spirit now and always, forever and ever.

PEOPLE: Amin

### - SUGITO -

1. Brother/Sister - sing praise to the Lord -
Who fashioned a crown - which kings of this world - would envy

2. Brother/Sister - your robes shine like snow -
And your brightness is - more beautiful than the Jordan

3. By the - pow’r of the Spirit - you ascended like -An angel from your - baptism

4. Today, - you wear on your head -
An unfading crown - and the glory of Adam’s race

5. Brother/Sister - keep watch that Satan -
May not steal from you - heaven’s blessings which you received

6. Your robes - and crown are splendid -
Which the First-Born Son - made for you today, through the priest

## മാമൂദീസാ

*(സ്നാനാർത്ഥിക്ക് വി. കുർബാന കൊടുക്കുന്നു)*

പറുദീ-സയിലാദാം രുചിനോക്കാ-ത്തഫലം
സാമോദം-വയ്ക്കുന്നീനാൾ-നിൻവായിൽ.
സ്നാന-ത്തിൻ ശിശുവേ! സശുഭം പോവുക നീ
നതിചെ-യ്യുക നിന്നെകാക്കും-സ്ലീബായെ
ജനകാ-സംസ്തുതിതേ തനയാ-സ്തോത്രം തേ-
വിമലാ-ത്മാവേ!-തേ നതിയും കീർത്തനവും.

# ഹൂത്തോമൊ

പിതാവാം ദൈവം നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ. വന്ദ്യനായ പുത്രൻ നിന്നെ കാത്തുകൊള്ളട്ടെ. നീ ധരിച്ചിരിക്കുന്ന പരിശുദ്ധ റൂഹാ നിന്നെ പൂർത്തീകരിച്ച് ഉപദ്രവങ്ങളിൽ നിന്ന് നിന്നെ രക്ഷിക്കട്ടെ. നീ സ്വീകരിച്ചിരിക്കുന്ന മാമോദീസാ എന്നെന്നേയ്ക്കും നിന്നിൽ വസിക്കുകയും ചെയ്യുമാറാകട്ടെ.

*(അനന്തരം യാത്ര അയച്ചുകൊണ്ട്)*

എന്നെന്നേയ്ക്കും നമ്മുടെ ദൈവമായ മിശിഹായുടെ പാപപരിഹാരപ്രദമായ മാമോദീസായിൽ നിന്ന് നീ പ്രാപിച്ചിരിക്കുന്ന പരിശുദ്ധ മൂറോനോടു കൂടെ, പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും കരുണയ്ക്കും നിന്നെ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ സമയത്ത് നീ സമാധാനത്തോടെ പോവുക.

*[Here, the newly baptized and chrismated person receives Holy Qurbana.]*

7. Today - the fruit of Eden - Adam did not taste -
   is placed in your mouth - with gladness

8. Go forth - in peace my brother/sister -
   Who has been baptized; - and worship the Cross -
   which guards you.

9. Glory - be to the Father; -
   Praise be to the Son; - worship to the Holy Spirit

*[Here, the newly baptized and chrismated person is brought into the sanctuary and kisses the corners of the altar. The hymn "Blessed are the good servants" may be sung at this time and the bells may be rung.]*

- PRAYER FOR THE REMOVAL OF THE CROWN -

PRIEST: O Lord, lead this your servant by Your life-giving wisdom through the evangelical life, Your servant whom You have made a perfect brother/sister to Your Only-begotten Son by adoption through his/her spiritual mother. May he/she receive this crown in Your heavenly kingdom which is prepared for those who live virtuously. By the removal of this crown, may he/she not be deprived of the help of Your right hand, but rather may it protect, strengthen, and raise him/her. May he/she receive the crown of the calling from above and may he/she glorify PRIEST: You, and Your Only Begotten Son, and Your Holy Spirit Who is of one essence with You, now and always, forever and ever. ✠ ✠ ✠

PEOPLE: Amin.

## - HUTOMO PRAYER -

PRIEST: May God the Father be with you, and the adorable Son guard you, and the Holy Spirit, Whom you have put on, perfect you and deliver you from all harm, and may the baptism you have received abidewith you forever and ever.

PEOPLE: Amin.

## - PRAYER OF DISMISSAL -

PRIEST: Go in peace as we entrust you to the grace and mercy of the Holy Trinity with the Holy Chrism (myron) you have received from the absolving baptism of Christ our God, now and always, forever and ever.

PEOPLE: Amin.